**KOTTAYAM PUBLIC LIBRARY**

Call No. 181·4 Acc. No. 61632

Author സിദ്ധിനാഥാനന്ദ സ്വാമികൾ

Title ഭാരതവചനാവലി

871

# ഭാരതമ്മാതാമഹി

KOTTAYAM PUBLIC LIBRARY
61632

ഗ്രന്ഥകർത്താ:
ശ്രീ സിദ്ധിനാഥാനന്ദസ്വാമികൾ

ശ്രീരാമകൃഷ്ണാശ്രമം,
പുറനാട്ടുകര, തൃശ്ശൂർ.

NATIONAL BOOK STALL
SPCS LTD.
KOTTAYAM.

# BHARATAMATAMAHI
(Malayalam)

By Swami Siddhinathananda
Sri Ramakrishna Ashrama
Puranattukara, Trichur.

Published by Swami Sakrananda
President, Sri Ramakrishna Ashrama
Puranattukara, Trichur.

---

ഒന്നാംപതിപ്പ് 1972. പ്രതി 1000

അച്ചടി: പ്രബുദ്ധകേരളം പ്രസ്സ്,
പുറനാട്ടുകര, തൃശ്ശൂർ.

പകർപ്പവകാശം: പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിന്ന്

വില രൂപ ഒന്ന്.

Very good expression with stylistic words.
Jeis

# ആമുഖം

ആരാണീ ഭാരതമാതാമഹി ? ഭാരതമാതാവിൻെറ അമ്മ. അതാരു് ? ഭാരതസംസ്കാരത്തിനു് ഉയിരും പേരും നൽകിയ ആ മഹാഭാരതത്തിലെ മഹനീയമഹതി. ആരു്, കുന്തീദേവിയോ ? അതെ. എന്നാൽപിന്നെ ആ പേർ വിളിക്കാതെ ഇങ്ങനെയൊരു മുത്തശ്ശിപ്പേരിട്ടതെന്തിനു് ? അതിനു രണ്ടുമൂന്നു കാരണങ്ങളുണ്ടു്: മുത്തശ്ശിയെ പേരക്കിടാങ്ങൾക്കൊക്കെ പ്രിയമാണു്; മുത്തശ്ശിയെ പേർചൊല്ലി വിളിക്കാനല്ല കിടാങ്ങൾക്കിഷ്ടം. അങ്ങനെ വിളിച്ചാൽ എന്തോ ഒരകൽച്ച. പിന്നെ വേറൊന്നു്, ഒരു പക്ഷെ അതാണു പ്രധാന കാരണം: 'കുന്തി'യെന്ന പേരിൽ വേറൊരാൾ ഉള്ളതുതന്നെ. എന്നാൽപിന്നെ എന്തിനിങ്ങനെയൊന്നു വീണ്ടും ?

അതോ, പറയാം. 'കുന്തി – ഒരു പഠനം' എന്ന പുസ്തകത്തിൽ മഹാഭാരതത്തിലെ കുന്തിയുടെ മൂർത്തിയാണു വരയ്ക്കാൻ ശ്രമിച്ചിട്ടുള്ളതു്. 'ഭാരതമാതാമഹി' ഭാഗവതത്തിലെ കുന്തിയാണു്. രണ്ടു ചിത്രങ്ങളും തമ്മിൽ വലിയ അന്തരമുണ്ടു്. അവയെ തമ്മിൽ ഒത്തുനോക്കിയാൽ രണ്ടും ഒരേ തൂലികയിൽനിന്നു രൂപം കൊണ്ടവയാണോ എന്നു സംശയം തോന്നും. എന്നാലവയെ പരസ്പരവിരുദ്ധങ്ങളെന്നു പറഞ്ഞുംകൂടാ; പരസ്പരപൂരകങ്ങളായി കരുതാം. ഭാരതകാരൻ പ്രാധാന്യേന കുന്തിയുടെ ബാഹ്യചരിതത്തെ ചിത്രണം ചെയ്യുമ്പോൾ, ഭാഗവതകാരൻ ആ മഹതിയുടെ ആന്തരചരിതത്തെയാണു ഗാനം ചെയ്യുന്നതു്.

ധർമ്മജയമാണു് ഭാരതത്തിൻെറ പ്രതിപാദ്യം. അതിനായി ധർമ്മമൂർത്തികളെയും ധർമ്മദ്വേഷികളെയും

ഒട്ടനവധി വ്യാസൻ ഭാരതരംഗത്തിൽ അണിനിരത്തു ന്നുണ്ട്. ധമ്മമിത്രങ്ങളായി പാണ്ഡവരെയും അവരുടെ അമ്മയെയും അവരുടെ സുഹൃത്തായ ശ്രീകൃഷ്ണനെയു മാണ് അവതരിപ്പിക്കുന്നതു്. പാണ്ഡവന്മാരുടെ ഉദ്ഭവ ത്തെയും വളച്ചയെയും ക്ലേശങ്ങളെയും വിജയത്തെയും വർണ്ണിക്കുന്ന കൂട്ടത്തിൽ അവയ്ക്കെല്ലാം ഹേതുഭൂതയും പ്രചോ ദകയും ആയ കുന്തിയുടെ ചരിതം വിസ്തൃതമായി വർണ്ണി ക്കപ്പെടുന്നുണ്ട്. ഭാരതത്തിലെ കുന്തിയുടെ വ്യക്തി പ്രഭാവം ഏററവും കൂടുതൽ തെളിഞ്ഞുകാണുന്നതു് ആ മഹതി ശ്രീകൃഷ്ണൻമുഖേന സ്വപുത്രന്മാക്ക് അയയ്ക്കുന്ന സന്ദേശത്തിൽ ഉപന്യസിക്കുന്ന 'വിദുലോപാഖ്യാനം' എന്ന ഉപകഥയിലാണ്. അതിരുകടന്ന ധമ്മശങ്ക കൊണ്ടു് പരാഭവം പ്രാപിച്ച് തങ്ങൾക്കഹ്മായ രാജ്യ ത്തിൽനിന്നും നിഷ്കാസിതരായ സ്വപുത്രന്മാരെ, സ്വന്തം പൗരുഷംകൊണ്ടും പ്രഭാവംകൊണ്ടും സ്വാവകാശം നേടി ക്ഷത്രധമ്മം പാലിക്കാൻ ഉപദേശിക്കുന്ന ഒരു ധീരവീര ഗീതമാണ് നാമവിടെ കേൾക്കുന്നതു്. പാണ്ഡവന്മാർ അമ്മയുടെ ഉപദേശമനുസരിച്ചു പ്രവത്തിച്ചു; രാജ്യം നേടി. അമ്മയോ ? കർണ്ണൻ മരിച്ച ദുഃഖംകൊണ്ടു് നെഞ്ചു തകന്നു; അഭിമന്യുവിൻെറ മരണംകൊണ്ടു് കണ്ണീരിൽ മുങ്ങി. അതെ, അതൊരു കണ്ണീരിൽ കുതിന്ന ജീവിതം. അവസാനം കാട്ടിൽ പോയി തീവ്രതപസ്സിലേപ്പെട്ടു് ആത്മജ്ഞാനം സാധിച്ച് ജന്മസാഫല്യം നേടി ആ വ്യാസസ്നുഷ.

ഭാരതത്തിലെ കുന്തി, പൗരുഷത്തിൻെറ പരാജയ ത്തെയാണ് പ്രധാനമായും പ്രതിനിധാനം ചെയ്യുന്നതു്. അതിനിടയിൽ ഈശ്വരാശ്രയത്തിൻെറ ആവശ്യകതയെ അംഗീകരിക്കുന്നുണ്ടെന്ന സംഗതി വിസ്മരിക്കുന്നില്ല; അതുകൊണ്ടാണല്ലൊ അവസാനം തികച്ചും അദ്ധ്യാത്മ നിഷ്ഠമായ ഒരു ചര്യയിൽക്കൂടി ജീവിതം വെടിയാൻ

കഴിഞ്ഞതു്. പക്ഷെ അതായിരുന്നില്ല ഭാരതീയകുന്തിയുടെ ജീവിതഗാനത്തിലെ പ്രധാനപല്ലവി എന്നുവേണം കരുതാൻ. ഭാഗവതകാരൻ കുന്തിയെക്കുറിച്ചു് വളരെക്കുറച്ചേ പറയുന്നുള്ളു. അതിനു കാരണമുണ്ടു്. ഭാഗവതം ആദ്യന്തം ഭഗവന്മഹിമാനുകീർത്തനമാണു്. അതിനു് ഉതകുന്ന പശ്ചാത്തലമെന്ന നിലയ്ക്കേ കഥകൾക്കും ചരിത്രങ്ങൾക്കും അതിൽ സ്ഥാനമുള്ളു. അങ്ങനെ കൃഷ്ണമഹിമ പാടുന്ന ഒരു ഭക്തമഹതി ആയിട്ടാണു് ഭാഗവതത്തിൽ കുന്തി കാണപ്പെടുന്നതു്.

പതിനെട്ടായുദ്ധം കഴിഞ്ഞു പാണ്ഡവർ ഐയ്വർ ഉയിരോടെ ശേഷിച്ചു. അശ്വത്ഥാമാവു് ഉറങ്ങിക്കിടന്നിരുന്ന പാഞ്ചാലീപുത്രരുടെ തലയറുത്തു. അർജ്ജുനൻ അശ്വത്ഥാമാവിനെ പിടിച്ചു കെട്ടിക്കൊണ്ടുവന്നു് മുടിയറുത്തു് മൂർദ്ധാവിലെ മണിയും അപഹരിച്ചു് പറഞ്ഞയച്ചു. അവമാനിതനായ ആ അന്തണൻ പാണ്ഡവവംശവിച്ഛേദം വരുത്തുന്നതിനായി ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. അനന്യശരണരായ പാണ്ഡവരെയും, അവരുടെ വംശതന്തുവും ഗർഭസ്ഥിതവുമായ ശിശുവിനെയും, ഭഗവാൻ കാത്തരുളി. അനന്തരം എല്ലാവരോടും വിടവാങ്ങി ദ്വാരകയ്ക്കു മടങ്ങാൻ തുടങ്ങുന്ന കൃഷ്ണന്റെ അടുത്തു ചെന്നു് കുന്തീദേവി ഭക്തിപരവശയായി ശ്രീഭഗവാനെ വാഴ്ത്തി.

ഭാഗവതത്തിൽ നമുക്കു കുന്തിയെക്കുറിച്ചു ലഭിക്കുന്ന പ്രധാനചിത്രം ഈ സ്തുതിയിലാണു്. ഭഗവത്പ്രപന്നയായ ഒരു ഭക്തോത്തമയെയാണു് നാമിവിടെ കാണുന്നതു്; തനിക്കും തന്റെ മക്കൾക്കും സ്വജനങ്ങൾക്കും ഏൎപ്പെട്ട സകലസുഖദുഃഖങ്ങൾക്കും കാരണം ശ്രീകൃഷ്ണന്റെ കരുണയായിട്ടാണു് ആ ദേവി കാണുന്നതു് – അതെ, ദുഃഖങ്ങൾക്കും കാരണം ഈശ്വരകരുണയായിട്ടുതന്നെയാണു കാണുന്നതു്–പോരാ, ആ കാരുണ്യത്തിനുവേണ്ടി കൂടുതൽ

ദുഃഖത്തിനായ്ക്കൊണ്ട് പ്രാൎത്ഥിക്കുന്ന ഒരു അപൂൎവ്വ ഭക്തയെ. ജീവജാലങ്ങളുടെ സകലഭാഗധേയങ്ങൾക്കും ഈശ്വരേച്ഛ മാത്രമാണു കാരണമെന്നു് തികച്ചും തീൎപ്പുള്ള ഒരു ഭക്തയാണു് ഭാഗവതത്തിലെ കുന്തി. വില്ലാളി വീരന്മാരായ പാണ്ഡവന്മാരെല്ലാം കണ്ണന്റെ കരുണയില്ലെങ്കിൽ വെറും ജഡപ്രായരാണെന്നു് അറിവുള്ള ഒരു മഹതി. അതെ, മനുഷ്യജീവിതത്തിൽ അവസാനം ദൈവാധീനംമാത്രമാണു് നിശ്ചിതമായ നിയാമകം; പൗരുഷം അവസാനത്തിൽ ദുൎബ്ബലമാണു്; ആ പൗരുഷം പോലും ദൈവാധീനത്തിന്റെ ഒരു പ്രാഗ്രൂപം മാത്രമാണു്, എന്നറിവുള്ള പൂൎണ്ണപ്രപന്നയായ ഒരു ഭാഗവതയാണു് ഇവിടെ നാം കാണുന്ന കുന്തീദേവി.

പൗരുഷത്തിന്റെ പ്രതീകവും ഭാരതപ്രഥിതയുമായ പൃഥയും ദൈവാധീനത്തിന്റെ പ്രതിനിധിയും ഭാഗവതകീൎത്തിതയുമായ കുന്തിയും നമുക്കു് ആദൎശഭൂതയും ആദരണീയയുമാകുന്നു. ജീവിതത്തിൽ ആശയും ആവേശവും നിലനില്ക്കുന്ന കാലത്തു് പൗരുഷം പ്രചോദനം നല്കും. ആശയെല്ലാം നിരാശതയിൽ കലാശിക്കുമ്പോൾ, ദൈവാധീനം മാത്രമാണു് തുണ. വിജയംകൊണ്ടു മദിക്കാതിരിക്കാനും പരാജയംകൊണ്ടു പതറാതിരിക്കാനും, പൗരുഷത്തിന്റെ പിന്നിലും പ്രവൎത്തിക്കുന്ന 'ദൈവം ചൈവാത്ര പഞ്ചമം' എന്ന കണ്ണന്റെ കൈയ്ക്കൾ കണ്ടെത്തണം. അതു കണ്ടുകഴിഞ്ഞാലോ, 'സൎവ്വധൎമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ.' സൎവ്വവും കണ്ണനു കാഴ്ച വെയ്ക്കുക.

അങ്ങനെ സമ്പൂൎണ്ണം സൎവ്വേശ്വരനിൽ സമൎപ്പിതമായ ഒരു ജീവിതമാണു് ഈ ഭാഗവതമാതാമഹിയുടേതു്.

ശ്രീരാമകൃഷ്ണാശ്രമം,
പുറനാട്ടുകര, തൃശ്ശൂർ.
10. 1. 72.

ഗ്രന്ഥകാരൻ.

# ഭാരതമാതാമഹി

കൃഷ്ണായ വാസുദേവായ ദേവകീനന്ദനായ ച
നന്ദഗോപകുമാരായ ഗോവിന്ദായ നമോ നമഃ.

പഞ്ചമവേദമെന്നു് പ്രസിദ്ധമായ മഹാഭാരതവും പുരാണതിലകമായ ഭാഗവതവും വേദവ്യാസമഹർഷിയുടെ കൃതികളാകുന്നു എന്നാണു് പാരംപരീണമായ വിശ്വാസം. ഭാരതവ്യപദേശത്താൽ ആമ്നായാർത്ഥം സ്ത്രീശൂദ്രാദികൾക്കും സുലഭമാക്കിത്തീർത്തിട്ടും ആത്മപ്രസാദം ലഭിക്കാതെ വിഷണ്ണനായ വ്യാസൻ, നാരദമഹർഷിയുടെ ഉപദേശപ്രകാരം ഹരികഥാകീർത്തനപ്രധാനമായ ഭാഗവതം രചിച്ചുവെന്നും അങ്ങനെ ചരിതാർത്ഥനായി എന്നുമാണു് ഭാഗവതത്തിൻെറ ഉപക്രമത്തിൽ വർണ്ണിച്ചിരിക്കുന്നതു്. വേദാർത്ഥവിസ്തരണമാണു് ഈ ഇതിഹാസത്തിൻെറയും പുരാണത്തിൻെറയും ഉദ്ദിഷ്ടലക്ഷ്യം. അതിനു് ഭാരതത്തിൽ കൗരവന്മാരുടെയും പാണ്ഡവന്മാരുടെയും ചരിത്രമാണു് പശ്ചാത്തലമായി സ്വീകരിച്ചിട്ടുള്ളതു്. ഭാഗവതത്തിൽ ഭഗവാൻെറയും ഭഗവദവതാരങ്ങളുടെയും ഭക്തന്മാരുടെയും കഥകളിലൂടെയാണു് ആ ലക്ഷ്യം സാധിച്ചിരിക്കുന്നതു്. ചില കഥകൾ ഇരുഗ്രന്ഥങ്ങളിലും വർണ്ണനാവിഷയമായിട്ടുണ്ടു്. കൗരവപാണ്ഡവചരിത്രം

സംക്ഷേപിച്ച ഭാഗവതത്തിലും കാണാം. രണ്ടിലും കാണുന്ന ഇതിവൃത്തങ്ങളെ താരതമ്യപ്പെടുത്തി നോക്കിയാൽ പലേ വ്യത്യാസങ്ങളും, വൈരുദ്ധ്യങ്ങൾപോലും, കണ്ടെത്താം. അവ കാണുമ്പോൾ രണ്ടും ഒരേ തൂലികയുടെ സന്തതികളാണെന്ന് കരുതാൻ പ്രയാസം നേരിടും. ഒന്നുകിൽ ഒന്നിൽക്കൂടുതൽ വ്യാസന്മാർ ഉണ്ടെന്നു സ്വീകരിക്കേണ്ടി വരും. അല്ലെങ്കിൽ വ്യാസനിൽനിന്നും ആവേശവും പ്രചോദനവും കൊണ്ട ഒരു ഭക്തനോ ശിഷ്യനോ വിനയാതിരേകംകൊണ്ടും ഭക്തിപ്രകഷംകൊണ്ടും സ്വകൃതിയെ വ്യാസൻെറ പാദത്തിൽ ഉപഹാരമപ്പിച്ചതായി കരുതേണ്ടിവരും. പൂവ്വാചാര്യന്മാർ തങ്ങളുടെ അഭ്യുദയത്തിനെല്ലാം ഹേതു ഗുരുകരുണയാണെന്നും താൻ ഗ്രഹിച്ചതും രചിച്ചതുമെല്ലാം ഗുരുവിൻെറ വകയാണെന്നും യഥാത്ഥത്തിൽ വിശ്വസിച്ചിരുന്നവരും, ഗുരുകൃപയും ഹരിപ്രീതിയും അല്ലാതെ സ്വകീത്തി കാംക്ഷിക്കാത്തവരും ആയിരുന്നു. ശ്രീമദ്ഭാഗവതത്തെപ്പോലെ നിസ്തുലവും ഈശ്വരാവേശഭരിതവുമായ ഒരു ഗ്രന്ഥം രചിച്ചിട്ട് സ്വയം അവിജ്ഞാതനായിരുന്നുകൊണ്ട്, അതു തൻെറ അദ്ധ്യാത്മപ്രചോദകന്നായി സമപ്പിക്കാൻ സാധിച്ച ആ സുമതിയുടെ നിസ്സ്വാത്ഥതയും നമ്രതയും ഗുരുഭക്തിയും ഈശ്വരവിശ്വാസവും എത്ര ധന്യം, എത്ര പൂണ്ണം !

ഇവ ഒരേ വ്യാസൻെറ കൃതികളല്ലെന്നു വന്നാലും അവയുടെ അദ്ധ്യാത്മമൂല്യത്തിന് യാതൊരു ഹാനിയും സംഭവിക്കുന്നതല്ല. ധമ്മപ്രതിഷ്ഠ സാധിക്കുകയും ആസ്തിക്യശ്രദ്ധ ജനങ്ങളിൽ പുലത്തുകയും ആകുന്നു ശാസ്ത്രങ്ങളുടെ ലക്ഷ്യം. വസ്തുകഥനത്തിലെ വൈചിത്ര്യമോ വൈരുദ്ധ്യമോ ഒന്നും സാധകനോ ഭക്തനോ പ്രതിബന്ധകമല്ല. മേൽ പറഞ്ഞ അഭിപ്രായത്തിന് ഉപോദ്ബലകമായി ചില രംഗങ്ങൾ നോക്കാം.

ഭാരതപ്പോരിൽ പരാജിതനായി ഭഗ്നോരുവായി കിടക്കുന്ന ദുര്യോധനൻെറ അടുത്തുചെന്നു് അശ്വത്ഥാമാവും കൃപരും കൃതവമ്മാവും അറിയിച്ചു, തങ്ങറം രാത്രിയിൽ ശിബിരത്തിൽ ഉറങ്ങിക്കിടന്നിരുന്ന ദ്രൗപദേയരെയും പാഞ്ചാലരെയും ധൃഷ്ടദ്യുമ്നനെയും എല്ലാം കൊന്നൊടുക്കി; പാണ്ഡവർ ഐയ്യ്വരും കൃഷ്ണനും സാത്യകിയും മാത്രമേ ശത്രുക്കളിൽ അവശേഷിച്ചിട്ടുള്ളു, എന്നു്. അതു കേട്ട ദുര്യോധനൻെറ പ്രതികരണത്തെ ഭാരതകാരൻ വണ്ണിക്കുന്നതിങ്ങനെയാണു്:

ദുര്യോധനസ്തു താം വാചം നിശമ്യ മനസഃ പ്രിയാം
പ്രതിലഭ്യ പുനശ്ചേത ഇദം വചനമബ്രവീത്.
ന മേഽകരോത് തദ് ഗാംഗേയോ ന കർണോ ന ച
[തേ പിതാ
യത് ത്വയാ കൃപഭോജാഭ്യാം സഹിതേനാദ്യ മേ കൃതം.
സ ച സേനാപതിഃ ക്ഷുദ്രോ ഹതഃ സാർധം
[ശിഖണ്ഡിനാ
തേന മന്യേ മഘവതാ സമമാത്മാനമദ്യ വൈ.
സ്വസ്തി പ്രാപ്നുത ഭദ്രം വഃ സ്വർഗ്ഗേ നഃ സംഗമഃ പുനഃ
ഇത്യേവമുക്ത്വാ തൂഷ്ണീം സ കുരുരാജോ മഹാമനാഃ.
പ്രാണാനുപാസൃജദ് വീരഃ സുഹൃദാം ദുഃഖമുത്സൃജൻ
അപാക്രമദ്ദിവം പുണ്യാം ശരീരം ക്ഷിതിമാവിശത്.

ഭാരതം, സൗപ്തികപവ്വം 9. 53 – 57.

അശ്വത്ഥാമാവിൻെറ പ്രിയംകരമായ ആ വാക്കു കേട്ടു ബോധം വീണ ദുര്യോധനൻ ഈവിധം പറഞ്ഞു: 'അങ്ങു് കൃപനും കൃതവമ്മാവുമൊരുമിച്ചു് ഇന്നെനിക്കു ചെയ്ത ഈ ഉപകാരം, ഭീഷ്മരോ കണ്ണനോ അങ്ങയുടെ അച്ഛൻ ദ്രോണരോ എനിക്കു ചെയ്തയുണ്ടായില്ല. ആ അല്പൻ ധൃഷ്ടദ്യുമ്നനും ശിഖണ്ഡിയും നിഹതരായതുകൊണ്ടു് ഞാനിപ്പോറം ഇന്ദ്രനു സമനായ്ത്തീന്നതായിത്തോന്നുന്നു. നിങ്ങറക്കു്

സ്വസ്തിയും മംഗളവും ഭവിക്കട്ടെ. നമുക്കിനി സ്വർഗ്ഗത്തിൽ വീണ്ടും കാണാം.' ഇത്രയും പറഞ്ഞു് സുഹൃത്തുക്കളെക്കുറിച്ചുള്ള ദുഃഖം വെടിഞ്ഞു ധീരനായ ദുര്യോധനൻ ശരീരം ഉപേക്ഷിച്ചു് സ്വർഗ്ഗം പ്രാപിച്ചു; ദേഹം നിലത്തും പതിച്ചു.

ഭാരതകാരൻ ഇവിടെ, ധർമ്മവിരുദ്ധവും കുലനാശകവും ആയ നീചകർമ്മം ചെയ്ത ആ നൃശംസത്രയത്തെ ദുര്യോധനൻ അനുമോദിക്കുന്നതായിട്ടാണു്, ചിത്രീകരിച്ചിട്ടുള്ളതു്.

ഭാഗവതത്തിൽ ഈ രംഗം സംക്ഷിപ്തമായി പ്രസ്താവിച്ചിട്ടുണ്ടു്:

യദാ മൃധേ കൗരവസൃഞ്ജയാനാം
വീരേഷ്വഥോ വീരഗതിം ഗതേഷു,
വൃകോദരാവിദ്ധഗദാഭിമർശ-
ഭഗ്നോരുദണ്ഡേ ധൃതരാഷ്ട്രപുത്രേ;
ഭർത്തുഃ പ്രിയം ദ്രൗണിരിതി സ്മ പശ്യൻ
കൃഷ്ണാസുതാനാം സ്വപതാം ശിരാംസി,
ഉപാഹരദ് വിപ്രിയമേവ തസ്യ
ജുഗുപ്സിതം കർമ്മ വിഗർഹയന്തി.

(ഭാഗ. 1. 7. 13, 14)

പോരിൽ കൗരവപാണ്ഡവപക്ഷങ്ങളിലെ പോരാളികൾ എല്ലാം വീരസ്വർഗ്ഗം പ്രാപിക്കെ, ഭീമന്റെ ഗദകൊണ്ടുള്ള അടിയേററു് ദുര്യോധനൻ തുടയൊടിഞ്ഞു് വീണു കിടക്കെ, തന്റെ അരചനായ ദുര്യോധനനു് സന്തോഷമാവും എന്നു കരുതി, അശ്വത്ഥാമാവു്, ഉറങ്ങിക്കിടന്നിരുന്ന ദ്രൗപദീപുത്രന്മാരുടെ തലയറുത്തുകൊണ്ടുവന്നു കാഴ്ച വെച്ചു. ആ നീചകർമ്മം ദുര്യോധനനു് തരിമ്പും ഇഷ്ടമായില്ല. നീചകർമ്മം സർവ്വജനങ്ങളും നിന്ദിക്കുന്നതല്ലൊ.

താനിതാ മരിക്കുകയായി; എന്തായാലും വംശത്തിനു് നാശം വരരുതു്. 'മരണാന്താനി വൈരാണി,'

KOTTAYAM PUBLIC LIBRARY KOTTAYAM.

മരണംകൊണ്ടു വൈരം തീരുന്നു, എന്നെല്ലാം ബോധമുള്ള ഒരു മഹാമനസ്കനായിട്ടാണു് ഭാഗവതത്തിലെ ദുര്യോധനൻ തിരോധാനം ചെയ്യുന്നതു്.

ഭാരതത്തിലെ വേറൊരു രംഗം നോക്കാം:

കൗരവസംഹാരം കഴിഞ്ഞിട്ടു കൊല്ലം പതിനഞ്ചായി. പാണ്ഡവന്മാർ ധൃതരാഷ്ട്രരുടെ ഹിതാനുവത്തികളായി രാജ്യം ഭരിച്ചുപോന്നു. ഭീമസേനൻമാത്രം അന്ധരാജൻെറയും മക്കളുടെയും അനീതികാം മറന്നില്ല. അന്ധമിഥുനം കേഠക്കെ ഭീമസേനൻ അവരുടെ അപനയങ്ങളെ അപലപിച്ചുകൊണ്ടിരുന്നു. ഭീമവാഗ്ബാണപീഡിതനായ ധൃതരാഷ്ട്രനും ഗാന്ധാരിയും നിവ്വേദം പൂണ്ടു. അവർ ആയുശ്ശേഷം വനത്തിൽ പോയി തപസ്സനുഷ്ഠിച്ചു ജീവിക്കണമെന്നും ആഗ്രഹിച്ചു. അതിനായി യുധിഷ്ഠിരൻെറ അനുവാദം തേടി:

ചീരവല്കലഭൃദ് രാജൻ ഗാന്ധാര്യാ സഹിതോഽനയാ
തവാശിഷഃ പ്രയുഞ്ജാനോ ഭവിഷ്യാമി വനേചരഃ.
ഉചിതം നഃ കുലേ താത സവ്വേഷാം ഭരതഷ്ഭ,
പുത്രേഷ്വൈശ്വര്യമാധായ വയസോഽന്തേ വനം നൃപ.
(ആശ്രമവാസികപവ്വം 3. 37, 38)

'യുധിഷ്ഠിര, ഗാന്ധാരിയുമൊരുമിച്ചു് വനത്തിൽ പോയി മരവുരിയും ധരിച്ചു്, നിനക്കു നന്മയും നേന്നുകൊണ്ടു് ഞാൻ തപസ്സാചരിക്കാൻ ആഗ്രഹിക്കുന്നു. വാദ്ധക്യത്തിൽ രാജ്യഭാരമെല്ലാം പുത്രന്മാരെ ഏല്പിച്ചു് വാനപ്രസ്ഥരാവുകയെന്നതു് നമ്മുടെ കുലത്തിൻെറ പാരമ്പര്യമാകുന്നു.'

ഇപ്രകാരം യുധിഷ്ഠിരാദികളുടെയും പൗരജനങ്ങളുടെയുമെല്ലാം അനുവാദം, – അവർ നിബ്ബന്ധത്തിനു് വിധേയരായിട്ടാണു് അനുവാദം നല്കിയതെങ്കിലും, – വാങ്ങിയിട്ടാണു് ധൃതരാഷ്ട്രർ കാട്ടിലേക്കു പോയതു്.

കൂടെ ഗാന്ധാരിമാത്രമല്ല, കുന്തിയും സഞ്ജയനും വിദുരനും ഉണ്ടായിരുന്നുതാനും.

ഇനി ഈ രംഗം ഭാഗവതത്തിൽ എങ്ങനെ വർണ്ണിക്കുന്നുവെന്നു നോക്കാം. വിദുരൻ ഒരു തീർത്ഥയാത്ര കഴിഞ്ഞു് ഹസ്തിനാപുരത്തിൽ മടങ്ങിയെത്തി. യദുവംശം പരസ്പരകലഹംകൊണ്ടു് നശിച്ച വാർത്തയും അറിഞ്ഞിട്ടാണു് വന്നിരിക്കുന്നതു് – അതായതു് ഭാരതയുദ്ധം കഴിഞ്ഞിട്ടിപ്പോഠം കൊല്ലം മുപ്പത്താറു കഴിഞ്ഞിരിക്കണം. യദുവംശനാശം അപ്പോഴാണുണ്ടാവുക എന്നതു് ഗാന്ധാരിയുടെ ശാപംകൊണ്ടു് വ്യക്തമാണല്ലോ. പാണ്ഡവന്മാരും ധൃതരാഷ്ട്രരും വിദുരനെ സാദരം സ്വീകരിച്ചു. കാലമങ്ങനെ കടന്നുപൊയ്ക്കൊണ്ടിരുന്നു. വിദുരൻ, ധൃതരാഷ്ട്രർക്കു് നിർവ്വേദം വരുന്നതിനുവേണ്ടി, അദ്ദേഹത്തിൻെറ മക്കളൊക്കെ കൊല്ലപ്പെട്ടതും, അവരെയെല്ലാം കൊന്ന ഭീമൻ കൊണ്ടുവരുന്ന അന്നം കഴിച്ചു ജീവിക്കേണ്ടിവന്ന ദുർഗ്ഗതിയും പറഞ്ഞുകേഠപ്പിച്ചു. ശ്രീഹരിയെ നിനച്ചുകൊണ്ടു് വേഗം ഗൃഹം വെടിഞ്ഞു പോകാൻ ഉപദേശിക്കുകയും ചെയ്തു.

> ഏവം രാജാ വിദുരേണാനുജേന
> പ്രജ്ഞാചക്ഷുർബോധിതോ ഹ്യാജമീഢഃ
> ഛിത്വാ സ്വേഷു സ്നേഹപാശാൻ ദ്രഢിമ്നോ
> നിശ്ചക്രാമ ഭ്രാതൃസന്ദർശിതാധ്വാ.
> പതിം പ്രയാന്തം സുബലസ്യ പുത്രീ
> പതിവ്രതാ ചാനുജഗാമ സാധ്വീ
> ഹിമാലയം ന്യസ്തദണ്ഡപ്രഹർഷം
> മനസ്വിനാമിവ സത്സംപ്രഹാരഃ.
>
> (ഭാഗ. 1. 13. 28, 29)

'ഇപ്രകാരം അനുജനായ വിദുരൻെറ ഉപദേശമനുസരിച്ചു് പ്രജ്ഞാചക്ഷുസ്സായ ധൃതരാഷ്ട്രർ ഉറപ്പേറിയ സ്നേഹ

പാശങ്ങളെ അറുത്തുകൊണ്ടു്, അനുജൻ കാണിച്ച വഴിയേ പുറപ്പെട്ടുപോയി. പതിവ്രതയായ ഗാന്ധാരി, തീവ്രയുദ്ധം ധീരയോദ്ധാവിനെന്നപോലെ ന്യസ്തദണ്ഡന്മാക്കു് ഹഷ്പ്രദമായ ഹിമാലയത്തിലേയ്ക്കു്, സ്വഭത്താവിനെ അനുഗമിച്ചു.' പിതൃപാദങ്ങരം വന്ദിക്കാൻ ചെന്നപ്പോഴാണു് യുധിഷ്ഠിരൻ പിതാക്കരം പോയ കഥതന്നെ അറിയുന്നതു്. ഭാഗവതത്തിലെ കുന്തി ധൃതരാഷ്ട്രരെ അനുഗമിക്കുന്നില്ല.

ഈ വിധത്തിൽ പല ഭാഗങ്ങരംക്കും ഭാരതത്തിലും ഭാഗവതത്തിലും ഉള്ള വണ്ണനകരംക്കു വലിയ വ്യത്യാസങ്ങരം കാണാം. ഭാരതത്തില്െ കുന്തി നഖശിഖാന്തം ഒരു വീരരാജന്യവനിതയാണു്, ധമ്മത്തിൽനിന്നും വ്യതിചലിക്കാത്ത ഒരു രാജന്യ. ഭാഗവതത്തിൽ കാണപ്പെടുന്ന കുന്തി ഒരു ഭാഗവതോത്തമയാണു്, സവ്വാത്മനാ ശ്രീകൃഷ്ണപരമാത്മാവിനെ ശരണം പ്രാപിച്ച ഒരു അനന്യഭക്ത. ഭാരതത്തിൽ കാണുന്നതു് പ്രാധാന്യേന കുന്തിയുടെ ബാഹ്യജീവിതവും ഭാഗവതത്തിലേതു് ആന്തരജീവിതവും ആണെന്നും കണക്കാക്കാം. ഭാഗവതത്തിലെ കുന്തിയെ നമുക്കൊന്നു് അടുത്തു പരിചയപ്പെടാം.

പണ്ടു ഭോജകുലത്തിൽ വൃഷ്ണി എന്നൊരു രാജാവുണ്ടായിരുന്നു. വൃഷ്ണിക്കു് ഒരു ഭായ്യയിൽ ശ്വഫല്ക്കൻ, ചിത്രരഥൻ എന്നു രണ്ടു പുത്രന്മാരും മറെറാരു ഭായ്യയിൽ അക്രൂരൻ തുടങ്ങി പതിമ്മൂന്നു പുത്രന്മാരും ഉണ്ടായി. ചിത്രരഥനു് പൃഥു, വിദൂരഥൻ മുതലായി അനേകം പുത്രന്മാരുണ്ടായി അക്രൂരനു് ദേവവാൻ, ഉപദേവൻ എന്നു രണ്ടു പുത്രന്മാരും. വിദൂരഥൻെറ പുത്രൻ ശൂരൻ. ആ ശൂരനു് ഭജമാനൻ; അവനു് ശിനി; ശിനിക്കു സ്വയംഭോജൻ; സ്വയംഭോജൻെറ പുത്രൻ ഹൃദീകൻ. ഹൃദീകനു് ദേവബാഹു, ശതധന്വസ്സു്, കൃതവമ്മാവു്, ദേവമീഢൻ എന്നു നാലു പുത്രന്മാർ. ദേവമീഢൻെറ പുത്രൻ ശൂരൻ, ശൂരൻെറ ഭായ്യ മാരിഷയും.

ഈ ശൂരന്നു് മാരിഷയിൽ പത്തു പുത്രന്മാരും അഞ്ചു പുത്രിമാരും ഉണ്ടായി. വസുദേവൻ, ദേവഭാഗൻ, ദേവശ്രവസ്സു്, ആനകൻ, സൃംജയൻ, ശ്യാമകൻ, കങ്കൻ, ശമീകൻ, വത്സകൻ, വൃകൻ എന്നു പുത്രന്മാരുടെ പേരു്. പൃഥാ, ശ്രുതദേവാ, ശ്രുതകീർത്തി, ശ്രുതശ്രവസ്സു്, രാജാധിദേവീ, എന്നു പുത്രിന്മാർ അയ്വർ. വസുദേവന്റെ ജനനസമയത്തു് ദേവന്മാർ അനേകം ദുന്ദുഭി മുതലായ വാദ്യഘോഷങ്ങൾ മുഴക്കി. അതിനാൽ അദ്ദേഹത്തെ ആനകദുന്ദുഭിയെന്നും വിളിക്കുന്നു. അദ്ദേഹത്തിന്റെ പുത്രനായിട്ടാണല്ലൊ ശ്രീകൃഷ്ണഭഗവാൻ അവതരിച്ചതു്. വസുദേവസഹോദരിമാരിൽ മൂത്തവളാണു് പൃഥ.

ഇപ്രകാരം ഭോജവംശത്തിൽ ശൂരന്റെയും മാരിഷയുടെയും മൂത്തപുത്രനാണു് വസുദേവൻ, മൂത്തമകൾ പൃഥയും.

യദുവംശജനായ വിദർഭന്റെ പുത്രൻ ക്രഥന്നു് കുന്തി എന്നു് പേരായി ഒരു പുത്രനുണ്ടായിരുന്നു. ശൂരന്റെ സ്നേഹിതനായിരുന്നു ആ കുന്തി.

കുന്തേഃ സഖ്യുഃ പിതാ ശൂരോ
ഹ്യപുത്രസ്യ പൃഥാമദാത്. (ഭാഗ. 9. 24. 31)

അനപത്യനായ സ്നേഹിതൻ കുന്തിഭോജന്നു് പിതാവായ ശൂരൻ പൃഥയെ ദാനം ചെയ്തു. ഇപ്രകാരം ശൂരാത്മജയായ പൃഥ കുന്തിഭോജപുത്രിയായ കുന്തിയായിത്തീൎന്നു.

കുന്തി കന്യകയായി പിതൃഗൃഹത്തിൽ പാൎക്കുംകാലം ദുൎവ്വാസാവുമഹൎഷി കൊട്ടാരത്തിൽ കുറച്ചുകാലം അതിഥിയായി താമസിക്കാനിടയായി. ബാലികയായ പൃഥയായിരുന്നു മഹൎഷിക്കു വേണ്ട പരിചരണങ്ങൾ ചെയ്തുകൊടുത്തിരുന്നതു്. പരിചരണംകൊണ്ടു സന്തുഷ്ടനായ ദുൎവ്വാസാവു് ബാലികയ്ക്കു് ഒരു ദേവഹൂതീവിദ്യ ഉപദേശിച്ചുകൊടുത്തു. വിദ്യയുടെ വീൎയ്യം പരീക്ഷിക്കാനായി അവൾ

സൂൎയ്യനെ വിളിച്ചു. സൂൎയ്യദേവൻ വേഗം സമീപമെത്തി; കുന്തി വിസ്മിതയായി. അവരം അപേക്ഷിച്ചു:

'പ്രത്യയാൎത്ഥം പ്രയുക്താ മേ യാഹി ദേവ ക്ഷമസ്വ മേ.' (ഭാഗ. 9. 24. 33) 'അല്ലയോ ദേവ, മഹൎഷി നൽകിയ മന്ത്രത്തിൻെറ ശക്തി പരീക്ഷിക്കാനായിട്ടു് ഞാനതൊന്നു പ്രയോഗിച്ചതാണു്. സദയം ക്ഷമിച്ചാലും, അങ്ങു മടങ്ങിപ്പോയാലും.' സൂൎയ്യൻ അതിനു സമ്മതിച്ചില്ല. തൻെറ ദൎശനം നിഷ്ഫലമാകാൻ നിവൃത്തിയില്ലെന്നും, അവളുടെ കന്യകാത്വത്തിനു് ദോഷം വരാത്തവിധത്തിൽ താൻ കാൎയ്യം സാധിച്ചുകൊള്ളാമെന്നും പറഞ്ഞു് സൂൎയ്യൻ അവളിൽ ഗൎഭാധാനം ചെയ്തു മടങ്ങിപ്പോയി. 'സദ്യഃ കുമാരഃ സംജജ്ഞേ ദ്വിതീയ ഇവ ഭാസ്കരഃ.' (ഭാഗവതം 9. 24. 35) സൂൎയ്യസദൃശനായ ഒരു ശിശു അപ്പോരംത്തന്നെ ജാതനാവുകയും ചെയ്തു. ലോകാപവാദഭയഭീതയായ കുന്തി ആ കുട്ടിയെ ഒരു പെട്ടിയിലാക്കി പുഴയിലൊഴുക്കി. അനപത്യനായ അതിരഥനു് കിട്ടി ആ കുട്ടിയെ. കുന്തീപരിത്യക്തനായ ആ കാനീനനാണു് വില്ലാളിവീരനായ കൎണ്ണനായിത്തീൎന്നതു്.

വിചിത്രമാണു് നിയതിയുടെ ഗതിവിഗതികരം. പിറന്ന കുലത്തിൽ വളരാൻ കഴിഞ്ഞില്ല. ആവശ്യപ്പെടാതെ ഒരു മഹൎഷി ഒരു മഹാമന്ത്രം നൽകി. ബാലചാപല്യംകൊണ്ടു് മന്ത്രശക്തിയൊന്നു പരീക്ഷിച്ചു നോക്കാൻ തോന്നി. ഫലം ഉടനെ കിട്ടി. പക്ഷേ ആ അപത്യഫലത്തെ പുഴയിലൊഴുക്കേണ്ടതായി വന്നു. അനപത്യൻെറ ദത്തുപുത്രി അനഭിലഷിതമായി ലഭിച്ച സന്താനത്തെ സന്ത്യജിച്ചു. ബാല്യത്തിൽത്തന്നെ ഈ രാജകുമാരിക്കു് എന്തെല്ലാം വിചിത്രാനുഭവങ്ങരം! ഈ സന്താനത്യാഗം കുന്തിയുടെ മാതൃഹൃദയത്തെ കാൎന്നുതിന്നുകൊണ്ടിരുന്നില്ലേ? ഈ മന്ത്രലാഭം പാണ്ഡുവംശം നിലനിൎത്താൻ

സഹായിച്ചില്ലേ? എന്നാൽ അവ തന്നെയല്ലേ, ഈ പുത്രപരിത്യാഗവും പുത്രസമ്പാദനവും തന്നെയല്ലേ, കുരുകുലനാശകമായ യുദ്ധത്തിന്ന് വിത്തു പാകിയതു്? ഇതൊന്നും കുന്തി സ്വയം ആശിച്ചതോ അപേക്ഷിച്ചതോ അല്ല. അങ്ങനെയൊക്കെ വന്നുകൂടി എന്നല്ലാതെ ഒന്നും പറയാനാവില്ല. ജീവിതസായാഹ്നത്തിൽ, ഈ അനുഭവങ്ങളുടെ പിന്നിൽ ഈശ്വരകരങ്ങളാണ് പ്രവർത്തിച്ചിരുന്നതു് എന്നു് കുന്തി കണ്ടെത്തിയെങ്കിൽ അതൊരു ശരിയായ കാഴ്ചതന്നെയാണു്. ഓരോ അനുഭവവും, കുന്തിയുടെ മാത്രമല്ല ഓരോ മനുഷ്യന്റെയും, നമ്മെ ആ നിഗമനത്തിലേയ്ക്കാണു നയിക്കുന്നതു്. ഓരോ ഉന്നം വെച്ചുകൊണ്ടു് മനുഷ്യൻ ഓരോന്നു ചെയ്യുന്നു; പ്രതീക്ഷിക്കാത്ത പലേ അനുഭവങ്ങളും ഫലങ്ങളും വന്നുകൂടുന്നു. ഏതോ ഒരു മഹാശക്തിയുടെ കളിക്കോപ്പുകൾ മാത്രമാണു താനെന്നു് അവസാനം അവനു മനസ്സിലാവുന്നു. അതു മനസ്സിലാക്കിയാൽ ആശ്വാസമായി. അതുവരെ അത്തലും അല്ലലും വിട്ടുമാറുകയില്ല. സന്താപം സന്തോഷത്തിന്റെ അഗ്രജനാണു്.

കുന്തിയെ യഥാകാലം കുരുകുലജാതനായ പാണ്ഡു വേട്ടു. പാണ്ഡുവിന്റെ മറെറാരു ഭാര്യയാണു് മാദ്രി. മഹർഷിശാപംമൂലം സന്താനലാഭം തടയപ്പെട്ട പാണ്ഡുവിന്റെ നിർദ്ദേശമനുസരിച്ചു് കുന്തി ദേവഹൂതീവിദ്യ പ്രയോഗിച്ചു് മൂന്നു പുത്രന്മാരെയും, കുന്തിയുടെ കനിവുകൊണ്ടു മന്ത്രം ലഭിച്ച മാദ്രി രണ്ടു പുത്രന്മാരെയും സമ്പാദിച്ചു. കാലചോദിതനായ പാണ്ഡു മാദ്രിയെ പ്രാപിച്ചു ചരമഗതിയടഞ്ഞു. മാദ്രി ഉടന്തടി ചാടി. കുന്തി കുട്ടികളെയും കൊണ്ടു് ഹസ്തിനാപുരത്തിലെത്തി ധൃതരാഷ്ട്രരുടെ രക്ഷണത്തിൻകീഴിൽ താമസമാക്കി. ദുര്യോധനാദികൾക്കു് പാണ്ഡവന്മാരോടു് വിരോധമായിരുന്നു. പാണ്ഡവന്മാരെ

അവർ പലവിധത്തിലും ദ്രോഹിച്ചുപോന്നു. നിസ്സഹായയായ കുന്തി ഒക്കെ കണ്ടും കേട്ടും മിണ്ടാതെ സഹിച്ചു.

ഈവക കഥകളൊന്നും ഭാഗവതകാരൻ വിസ്തരിക്കുന്നില്ല. ഒന്നാമതു്, അവയൊക്കെ ഭാരതത്തിൽ വിസ്തരിച്ചു വൎണ്ണിക്കുന്നുണ്ടു്. പിന്നെയൊന്നു്, ഭാഗവതത്തിൻെറ താല്പൎയ്യം ഭഗവന്മഹിമ വൎണ്ണിക്കുന്നതിലാണു്. അതിനു് ആവശ്യമായ ഭക്തചരിതങ്ങളും കഥകളും മാത്രമേ ഭാഗവതത്തിൽ കാണു; അതും ഭഗവല്ലീലകൾക്കും ഭഗവദ്ഭക്തിക്കും ഒരു പശ്ചാത്തലത്തിനുവേണ്ടി മാത്രം.

കംസവധം കഴിഞ്ഞു് ഭഗവാൻ മഥുരയിൽ പാൎക്കും കാലം ഒരു നാൾ ജ്യേഷ്ഠനോടും ഉദ്ധവനോടുമൊരുമിച്ചു് അക്രൂരഭവനത്തിലെത്തി. പിതൃവ്യനെങ്കിലും ശ്രീകൃഷ്ണൻെറ യഥാർത്ഥസ്വരൂപം അറിവുള്ളവരിൽ ഒരുവനാണു അക്രൂരൻ. കുശലപ്രശ്നാദികൾ കഴിഞ്ഞു് ശ്രീകൃഷ്ണൻ അക്രൂരനോടായി പറഞ്ഞു:

'അങ്ങു നമ്മുടെ സുഹൃത്തുക്കളായ പാണ്ഡവന്മാരുടെ ക്ഷേമം അറിയാൻ ഹസ്തിനാപുരംവരെ ഒന്നു പോയി വരണം. പാണ്ഡു മരിച്ചുകഴിഞ്ഞപ്പോൾ, കുന്തിയെയും മക്കളെയും ധൃതരാഷ്ട്രർ കൊട്ടാരത്തിലേയ്ക്കു കൊണ്ടുവന്നുവെന്നും അവരവിടെ പാൎത്തുവരുന്നുവെന്നും കേൾക്കുന്നു. ദുഷ്ടനായ ദുര്യോധനൻെറ വശവൎത്തിയായ അന്ധരാജൻ അനുജൻെറ മക്കളോടു് സമസ്നേഹത്തോടെ പെരുമാറുന്നില്ല, നിശ്ചയം. അതുകൊണ്ടു് അങ്ങു പോയി അവരുടെ വൃത്താന്തം, അവർ സുഖമായി കഴിയുന്നുവോ അതോ വിഷമിക്കുന്നുവോ എന്നു്, അറിഞ്ഞുവരണം. അതറിഞ്ഞിട്ടു് സുഹൃത്തുക്കൾക്കു സുഖം ലഭിക്കുവാനുള്ള വഴി നമുക്കു് ഉണ്ടാക്കാം.' അനന്തരം ഭഗവാൻ സ്വഭവനത്തിലേയ്ക്കു പോയി.

അക്രൂരൻ ഹസ്തിനാപുരത്തിലെത്തി ധൃതരാഷ്ട്രർ, ഭീഷ്മർ, ദ്രോണർ, വിദുരൻ, കുന്തി തുടങ്ങിയവരെയെല്ലാം കണ്ടു വന്ദിച്ചു. ധൃതരാഷ്ട്രരുടെ പാണ്ഡവന്മാരോടുള്ള പെരുമാററം മനസ്സിലാക്കുന്നതിനായി അക്രൂരൻ ഏതാനും മാസം അവിടെ പാർത്തു. പാണ്ഡവന്മാരുടെ തേജസ്സും ഓജസ്സും ബലവും വീര്യവും പ്രജാനുരാഗവും, കൗരവന്മാർക്കാർക്കും സഹിക്കുന്നില്ല എന്നു് മനസ്സിലായി. അവർ ചെയ്ത ഗരദാനാദി ദുഷ്കർമ്മങ്ങൾ പൃഥയും വിദുരരും പറഞ്ഞു് അക്രൂരൻ അറിഞ്ഞു. അക്രൂരൻ വന്നതു കണ്ടു കുന്തി അടുത്തെത്തി ജന്മഗൃഹത്തെ സ്മരിച്ചു് കണ്ണീരും വാർത്തുകൊണ്ടു് സോദരനോടായി ഇപ്രകാരം പറഞ്ഞു: "പ്രിയദർശന, അച്ഛനും അമ്മയും കൂടെപ്പിറപ്പുകളും ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ ? സോദരപുത്രരും സഖികളും ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ ? എൻെറ ജ്യേഷ്ഠൻെറ പുത്രനും ഭക്തവത്സലനും ശരണീയനും ആയ ഭഗവാൻ ശ്രീകൃഷ്ണനും താമരക്കണ്ണൻ രാമനും തങ്ങളുടെ അച്ഛൻപെങ്ങളുടെ കുട്ടികളെ ഓർമ്മിക്കുന്നുണ്ടോ ? ചെന്നായ്ക്കളുടെ നടുക്കകപ്പെട്ട പിടമാനെപ്പോലെ ശത്രുമധ്യത്തിൽപെട്ടു കേഴുന്ന എന്നെയും അച്ഛൻ മരിച്ച എൻെറ പൈതങ്ങളെയും അവിടുന്നു് ആശ്വാസവാക്കുകൾകൊണ്ടു സമാധാനിപ്പിക്കുമോ?

കൃഷ്ണ കൃഷ്ണ മഹായോഗിൻ വിശ്വാത്മൻ വിശ്വഭാവന,
പ്രപന്നാം പാഹി ഗോവിന്ദ ശിശുഭിശ്ചാവസീദതീം.

(ഭാഗ. 10. 49. 11)

'കൃഷ്ണ, യോഗേശ്വരാ, വിശ്വേശ്വരാ, അവിടുന്നല്ലാതെ എനിക്കാരുമില്ലേ ഒരു ശരണം. ഗോവിന്ദ, അഴലിലാണ്ട എന്നെയും എൻെറ കുഞ്ഞുങ്ങളെയും കരകയററു മാറാകണേ. സംസാരഭയംകൊണ്ടു വലയുന്നവർക്കു് അവിടുത്തെ അടിമലരല്ലാതെ ഒരാശ്രയം ഞാൻ കാണുന്നില്ല. പരബ്രഹ്മമൂർത്തേ, യോഗീശ്വരാ, ഭഗവാനേ, ഞാൻ അവിടുത്തെ ശരണം പ്രാപിക്കുന്നു."

ഇപ്രകാരം സ്വജനങ്ങളെയും ജഗദീശ്വരനായ ശ്രീകൃഷ്ണനെയും അനുസ്മരിച്ച് ദുഃഖം താങ്ങാനാവാതെ ആ പാണ്ഡവമാതാവ് വാവിട്ടു കരഞ്ഞു. തുല്യദുഃഖികളായ അക്രൂരനും വിദുരനും കുന്തീപുത്രന്മാരുടെ മഹത്വങ്ങളും മററും പറഞ്ഞുകേൾപ്പിച്ച് കുന്തിയെ സാന്ത്വനപ്പെടുത്തി.

അക്രൂരൻ മടങ്ങിപ്പോകാൻകാലത്ത് ധൃതരാഷ്ട്രരുടെ അടുത്തു ചെന്ന് പാണ്ഡുപുത്രന്മാരെ സ്വപുത്രരെപ്പോലെ കരുതി കാത്തു രക്ഷിക്കണമെന്നും, അങ്ങനെ ചെയ്യാത്ത പക്ഷം ദുഷ്കീർത്തി വന്നുചേരുമെന്നും, പരലോകത്തിലും യാതനകൾ അനുഭവിക്കേണ്ടിവരുമെന്നുമൊക്കെ ഹിതോപദേശം ചെയ്തു. അക്രൂരൻ പറഞ്ഞതു് ഹിതമായിട്ടുള്ളതാണെന്നും പക്ഷെ പുത്രാനുരാഗവിഷമമായ തൻെറ ബുദ്ധിയിൽ സദുപദേശങ്ങളൊന്നും സ്ഥിരമായി നില്ക്കുന്നില്ലെന്നും എല്ലാം ഈശ്വരവിധിപോലെ നടക്കുന്നുവെന്നേ പറയാവൂ എന്നും കുരുരാജൻ മറുപടി പറഞ്ഞു. അക്രൂരൻ അവരോടെല്ലാം യാത്ര പറഞ്ഞു മഥുരയിലെത്തി ധൃതരാഷ്ട്രവൃത്താന്തമെല്ലാം രാമകൃഷ്ണന്മാരെ പറഞ്ഞുകേൾപ്പിച്ചു.

അഞ്ചു കുട്ടികളെ പോററി വളർത്തേണ്ട വിധവയായ ഒരു സ്ത്രീയുടെ, ഒരു മാതൃഹൃദയത്തിൻെറ, കേഴലാണ് നാമിവിടെ കേൾക്കുന്നത്. പിറന്നതും വളർന്നതും വേൾക്കപ്പെട്ടതും സമുന്നതകുലങ്ങളിലാണെങ്കിലും, വിധിവൈപരീത്യത്താൽ ജീവിക്കേണ്ടതായി വന്നത് വൈരികളുടെ നടുക്ക്. സാധാരണരാജകുടുംബങ്ങളിൽപ്പോലും അധികാരമത്സരവും വിദ്വേഷവും കലഹവുമെല്ലാം ഉണ്ടായിരിക്കും. ഇവിടെയോ നിഷ്ഠുരന്മാരും പ്രബലന്മാരുമായ ശത്രുക്കളുടെ നടുക്കാണു കഴിഞ്ഞുകൂടേണ്ടതു്. പാണ്ഡവന്മാരുടെ കഥകഴിക്കാൻ കൗരവർ പലതും ചെയ്തുകഴിഞ്ഞിരിക്കുന്നു. കുഞ്ഞുങ്ങളുടെ പ്രാണൻ എപ്പോഴാണ് അപഹരിക്കപ്പെടുന്നതു് എന്ന് പേടിച്ചു വിറച്ചു കഴിയുന്ന ഒരു

മാതാവിൻെറ വെന്തുനീറുന്ന ഹൃദയരോദനമാണിതു്. ആരോടു പറയും? ആരറിയും? അറിഞ്ഞാലും ആരു തുണയ്ക്കും? അധികാരമോ സ്ഥാനമാനങ്ങളോ ഒന്നു മില്ലാത്ത ഒരു വിദുരൻ മാത്രമുണ്ടു് ഒന്നു സഹതപിക്കാൻ. അനന്യശരണയായ കുന്തിയ്ക്കു് ഈശ്വരനെ വിളിച്ചു കേഴുകയല്ലാതെ മററു ഗതിയുണ്ടോ? കേണു, കൃഷ്ണൻ കേട്ടു, നിശ്ചയം; അതാണല്ലോ അക്രൂരനെ അങ്ങോട്ടയച്ചതു്. അക്രൂരനെ കണ്ടപ്പോഠം, കുന്തി തൻെറ പഴയ നിലയും ഇപ്പോഴത്തെ നിലയും ഓത്തു് പൊട്ടിക്കരഞ്ഞു. കണ്ണനെ വിളിച്ചു കേണു. കണ്ണനെ വിളിച്ചു കേണാൽ അഴലാറാതെ വരികയില്ല. കൃഷ്ണൻ, തന്നെയും തൻെറ മക്കളെയും മറന്നിട്ടില്ല എന്ന ബോധംതന്നെ ആ കൃഷ്ണഗതപ്രാണയായ കുന്തിക്കു് ആശ്വാസം അരുളിയിട്ടുണ്ടാവണം.

ജതുഗൃഹത്തിൽ പെട്ടു ഭസ്മീഭൂതരായി എന്നു കരുതപ്പെട്ടിരുന്ന പാണ്ഡവന്മാരെ അവരുടെ അമ്മയോടൊന്നിച്ചു് സ്വസ്ഥിമാന്മാരായി ദ്രുപദഗൃഹത്തിൽവെച്ചു രാമകൃഷ്ണന്മാർ കാണുകയുണ്ടായി. സുഹൃത്തുക്കളുടെ ഉപദേശപ്രകാരം ധൃതരാഷ്ട്രർ അവരെ തിരിച്ചുവിളിച്ചു് പകുതി രാജ്യം കൊടുത്തു് ഇന്ദ്രപ്രസ്ഥത്തിൽ പാപ്പിച്ചു. അങ്ങനെയിരിക്കെ ഒരു നാഠം ശ്രീകൃഷ്ണൻ, സാത്യകി മുതലായവരോടൊന്നിച്ചു് ഇന്ദ്രപ്രസ്ഥത്തിലെഴുന്നള്ളി. ശ്രീകൃഷ്ണൻ വന്നതു കണ്ടു് പാണ്ഡവന്മാർ ആനന്ദപരവശരായിട്ടു് എഴുനേററു. ഏവരും ഓടിച്ചെന്നു കൃഷ്ണനെ കെട്ടിപ്പിടിച്ചു. കൃഷ്ണൻെറ സ്നേഹസ്മേരസുന്ദരമായ മുഖം കണ്ടു് അവക്കെല്ലാം ആനന്ദമായി. യുധിഷ്ഠിരനേയും ഭീമനേയും ശ്രീകൃഷ്ണൻ നമസ്കരിച്ചു; അജ്ജുനനെ ആലിംഗനം ചെയ്തു. നകുലസഹദേവന്മാർ കൃഷ്ണനെ നമസ്കരിച്ചു. ഉത്തമാസനത്തിൽ ഉപവിഷ്ടനായ കൃഷ്ണനെ നവോഢയായ പാഞ്ചാലി സവ്രീഡം വന്നു് അഭിവാദനം ചെയ്തു.

സാത്യകി മുതലായവരെയും പാണ്ഡവന്മാർ യഥാവിധി ആദരിച്ചിരുത്തി.

ശ്രീകൃഷ്ണൻ കുന്തീദേവിയെ ചെന്നു നമസ്കരിച്ചു. ആനന്ദാശ്രുക്കരം ഒഴുക്കിക്കൊണ്ടു് കുന്തി കൃഷ്ണനെ ആലിംഗനം ചെയ്തു. കുന്തി കൃഷ്ണൻെറ കുശലം അന്വേഷിച്ചു. അനന്തരം കൃഷ്ണൻ കുന്തിയുടെയും വധുവിൻെറയും കുശലം ചോദിച്ചറിഞ്ഞു. തനിക്കേപ്പെട്ട ബഹുവിധക്ലേശങ്ങരം സ്മരിച്ച കുന്തി, ഭജിക്കുന്നവരുടെ ക്ലേശങ്ങളകററാൻ സ്വീയദർശനം നൽകുന്ന കൃഷ്ണനോട്ടു് സ്നേഹഗദ്ഗദവാക്കുകളിൽ, ആനന്ദാശ്രുക്കരം പൊഴിച്ചുകൊണ്ടു്, ഇപ്രകാരം പറഞ്ഞു:

'കൃഷ്ണ, ജ്ഞാതികളായ ഞങ്ങളെ അനുസ്മരിച്ചുകൊണ്ടു് അവിടുന്നു് എൻെറ സഹോദരൻ അക്രൂരനെ അയച്ചതുമുതൽ ഞങ്ങരം സനാഥരായി. സകല ജീവജാലങ്ങളുടെയും ആത്മാവും സുഹൃത്തുമായ അവിടേയ്ക്കു് സ്വകീയരെന്നോ പരകീയരെന്നോ ഉള്ള ഭേദബുദ്ധി ഇല്ലെന്നിരിക്കിലും അങ്ങയെ നിനയ്ക്കുന്നവരുടെ നെഞ്ചകത്തു് എന്നും അങ്ങു വിളങ്ങിക്കൊണ്ടു് അവരുടെ ക്ലേശങ്ങളെ നശിപ്പിക്കുന്നുണ്ടല്ലോ.'

സന്താപംകൊണ്ടു വെന്തു ചുടുകണ്ണീർ വാർത്തു് ക്ണ്ണനെ വിളിച്ചു കേണാൽ കണ്ണൻ വരും; അപ്പോരം ആനന്ദശീതനേത്രാംബുകൊണ്ടു കണ്ണനെ അഭിഷേകം ചെയ്യാം. കുന്തി പലവാറു് കണ്ണനെ കണ്ണീരിൽ നീരാടിച്ചിട്ടുണ്ടു്. അതെല്ലാം ഭഗവാൻ ആനന്ദമായി മാററിയിട്ടുമുണ്ടു്.

ശ്രീകൃഷ്ണനും ബലരാമനും ദ്വാരകയിൽ വാണരുളുന്ന കാലത്തു് അത്യുഗ്രമായ ഒരു സൂര്യഗ്രഹണമുണ്ടായി. പരശുരാമൻ ഭൂഭാരഭൂതരായിത്തീന്ന ഭൂപാലന്മാരുടെ രുധിരൗഘംകൊണ്ടു തീർത്ത സമന്തപഞ്ചകമെന്ന തീർത്ഥസ്ഥാനത്തേയ്ക്കു് പാപപരിഹാരത്തിനായി ശ്രീകൃഷ്ണനും സ്വജനങ്ങളും

പോയി. അവിടെ ആ അവസരത്തിൽ യാദവന്മാരും കൗരവന്മാരും പാണ്ഡവന്മാരും വന്നുചേർന്നു. അച്ഛനമ്മമാരെയും സോദരന്മാരെയും സോദരിമാരെയും അവരുടെ മക്കളെയും ഭ്രാതൃപത്നികളെയും ശ്രീകൃഷ്ണനെയും കുന്തി അവിടെ കണ്ടു. തൻെറ ക്ലേശങ്ങളെല്ലാം സ്വജനങ്ങളെ പറഞ്ഞു കേറംപ്പിച്ച് കുന്തി കുറഞ്ഞൊന്നു് ആശ്വസ്തയായി. കുന്തി വസുദേവനോടു പറഞ്ഞു: 'ആര്യ്യ, നിർഭാഗ്യയാണു് ഞാൻ. ഞാൻ ആപത്തിലകപ്പെട്ടിരിക്കുന്നയവസരത്തിൽ എൻെറ വാർത്തകളൊന്നും സ്വജനങ്ങറം സ്മരിക്കുന്നില്ലല്ലോ. സുഹൃത്തുക്കളോ, ജ്ഞാതികളോ, പുത്രന്മാരോ, പിതാക്കന്മാരോ ആരും ദൈവം വിപരീതമായവരെ സ്മരിക്കുകയില്ല.' വസുദേവൻ സമാധാനിപ്പിച്ചു: ''ആര്യേ, ദൈവത്തിൻെറ കളിക്കോപ്പുകളായ മനുഷ്യരുടെ പേരിൽ പരിഭവിക്കൊല്ലെ. 'ഈശസ്യ ഹി വശേ ലോകഃ കുരുതേ കാര്യതേഽഥവാ.' (ഭാഗ. 10. 82. 21.) ഈശ്വരേച്ഛയ്ക്കു് അധീനരായി ആളുകറം ഓരോന്നു ചെയ്യുന്നു അഥവാ ചെയ്യിക്കപ്പെടുന്നു. കംസൻെറ പീഡനംകാരണം ഞങ്ങറം അങ്ങുമിങ്ങും പോയിരിക്കുകയായിരുന്നു; സോദരീ, ഇതാ ഈയിടെ മാത്രമേ ദൈവം ഞങ്ങളെ സ്വസ്ഥാനത്തു തിരിച്ചു കൊണ്ടുവന്നുള്ളു.''

പാഞ്ചാലിയുടെ ചോദ്യത്തിനുത്തരമായി കൃഷ്ണമഹിഷികറം തങ്ങറം ഭഗവാൻെറ പാദദാസികളായിത്തീൎന്നതെങ്ങനെ എന്നു് പറഞ്ഞുകേറംപ്പിച്ചു. അവൎക്കു് ശ്രീകൃഷ്ണനിലുള്ള പ്രേമാതിരേകം കണ്ടും കേട്ടും പൃഥയും പാൎഷതിയും ഗാന്ധാരിയും മററു രാജ്ഞിമാരും ഗോപികളും വിസ്മയമാൎന്നു് ആനന്ദാശ്രുവിൽ ആറാടി. അവിടെ വെച്ചു് മഹൎഷിമാരുടെ ധൎമ്മോപദേശങ്ങളും കേട്ടു് തീൎത്ഥസ്നാനവും ചെയ്തു് ദാനധൎമ്മങ്ങളും നടത്തി വസുദേവാദികളാൽ ആദൃതരും അനുജ്ഞാതരുമായി കുന്തിയും ബന്ധുക്കളും വിരഹവേദനയോടെ ഹസ്തിനാപുരത്തേയ്ക്കു മടങ്ങി.

KOTTAYAM

സന്താപം പങ്കിട്ടാൽ കുറയും, സന്തോഷം പങ്കിട്ടാൽ പെരുകും. മക്കൾ നിരാശ്രയരാകുന്നതിൽപരം ഒരു സങ്കടം ഒരമ്മയ്ക്കു വരാനില്ല. സ്വപുത്രന്മാർ പരാശ്രയരായി കഴിയുന്നതിൽക്കൂടുതൽ വ്യസനം ഒരു വീരരാജന്യവനിതയ്ക്കുണ്ടാവാനില്ല. സമ്പത്സമൃദ്ധിയുടെ മടിത്തട്ടിൽനിന്നും സ്വജനങ്ങളെങ്കിലും വൈരികളായവരുടെ നടുവിലേയ്ക്കുള്ള വീഴ്ച ആ അഭിജാതമാതാവിനു് അത്യന്തം വേദനാജനകമായിരുന്നു. സംസ്കാരംകൊണ്ടും സാമത്ഥ്യംകൊണ്ടും സദ്ഗുണസമ്പത്തികൊണ്ടും ഉയന്ന ആളുകൾക്കു് തങ്ങളേക്കാൾ താണവരുടെ ആശ്രിതരായി കഴിയുകയെന്നതിലും കൂടുതലായി ഒരു ദുർഗ്ഗതി വേറെയില്ല. കുന്തി തൻെറ കദനം ആരെ അറിയിക്കും? പാണ്ഡുപത്നി തൻെറ നിലയെക്കുറിച്ചു് പരാതിപ്പെടുന്നതുതന്നെ തൻെറയും തൻെറ പരേതനായ പ്രാണനാഥൻെറയും കുലത്തിൻെറ മാനത്തിനു് നിരക്കാത്തതല്ലേ? ആരോടും പറയാതെയും ആരും അറിയാതെയും ആരും അന്വേഷിക്കാതെയും കുന്തിയുടെ ഹൃദയത്തിൽ ഒരു എരിതീയു് ജ്വലിച്ചിരുന്നു. വസുദേവരെയും ശ്രീകൃഷ്ണനെയും കണ്ടപ്പോൾ, കൂടെപ്പിറപ്പുകളെയും താതമാതാക്കളെയും കണ്ടപ്പോൾ, ആ അഗ്നിജ്ജ്വാല അല്പം പുറത്തു വന്നു. ദീഘകാലത്തിനുശേഷം സ്വജനങ്ങൾ ഒന്നിച്ചുചേരുകയും കാണുകയും കാര്യങ്ങൾ പറയുകയും ചെയ്യുന്ന ഒരവസരമാണിതു്. പലക്കും പലതും പരസ്പരം അറിയാനും പറയാനും ഉണ്ടാകും. കുന്തി വളരെ കുറച്ചു കാര്യങ്ങളേ പറയുന്നുള്ളു. പക്ഷേ ആ വാക്കുകളിലെ ഊഷ്മാവിൽനിന്നും ഉൾക്കാമ്പിലെ താപം അളക്കാം. 'തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെക്കരയുകിലതുതന്നെ തെല്ലൊരാശ്വാസഹേതു.'

സ്വാത്ഥപൂരിതമായ ലോകത്തിൽ യഥാത്ഥമായ അനുകമ്പ സുദുർലഭമാണു്. ഉന്നതനിലയിൽ കഴിഞ്ഞി

രുന്നവക്കു് എന്തെങ്കിലും താഴ്ചയോ വീഴ്ചയോ പററുന്നതു കാണുകതന്നെ പലക്കും രഹസ്യമായ ആനന്ദം നല്കുന്ന സംഗതിയാകുന്നു. പരോത്കഷ്ത്തിൽ ആനന്ദിക്കുകയും പരതാപത്തിൽ പരിതപിക്കുകയും ചെയ്യാൻ യഥാൎത്ഥമായി സാധിക്കുന്ന സുകൃതികഠം വളരെ വിരളംതന്നെ. കൃഷ്ണദൗത്യവുംകൊണ്ടു് അക്രൂരൻ വന്നുപോകുന്നതുവരെ തൻെറ ദുൎഗ്ഗതിയിൽ അനുതപിക്കുന്നവരായി ആരെയും കാണാതെ, തൻെറ ദുൎവ്വിധിയെത്തന്നെ പഴിച്ചുകൊണ്ടു്, നിശ്ശബ്ദമായി സകലതും അനുഭവിച്ചു പോരുകയായിരുന്നു കുന്തി. ആപത്കാലങ്ങളിൽ തൻെറ നില മിത്രങ്ങഠം മനസ്സിലാക്കാനും ഒരു സാന്ത്വനവാക്കു കേഠക്കാനും കൊതി കൊള്ളും മനുഷ്യമനസ്സു്. കുന്തിക്കു് കൃഷ്ണൻെറ സഹതാപസന്ദേശം ലഭിച്ചു. ആ മനസ്സിൽനിന്നു് നിരാശതയുടെ നിഴൽ അല്പമൊന്നു നീങ്ങി. പക്ഷെ അതു കഴിഞ്ഞിട്ടിതുവരെയും തൻെറയോ തൻെറ മക്കളുടെയോ നിലയ്ക്കൊരു മാററവും വന്നിട്ടില്ല. അക്രൂരൻെറ സദുപദേശങ്ങളൊന്നും അന്ധരാജൻെറ സന്തതികഠം സ്വീകരിച്ചിട്ടില്ല. അവക്കെങ്ങനെയും പാണ്ഡവന്മാരെ തുലയ്ക്കണമെന്നുതന്നെ ആയിരുന്നു ഉദ്ദേശം. ചെന്നായ്ക്കളാൽ ചൂഴപ്പെട്ട ഹരിണമാതാവിൻെറ അവസ്ഥയായിരുന്നു പൃഥയുടേതു്. ഈ നിലയ്ക്കു് ആരാണുത്തരവാദി? 'യസ്യ ദൈവമദക്ഷിണം' – ദൈവാധീനമില്ലായ്ക – എന്നു മാത്രമേ കുന്തി അതിനു് സമാധാനം കാണുന്നുള്ളു. വസുദേവരുടെ സാന്ത്വനവാക്കും അതിനെത്തന്നെ ഏററുപാടുകയാണു് ചെയ്തതു്, 'ഈശസ്യ ഹി വശേ ലോകഃ കുരുതേ കാൎയ്യതേƒഥവാ.' എന്നു്. പക്ഷേ തൻെറ ദുഃഖം അനുതാപപൂൎവ്വം കേഠക്കാനും, എല്ലാവരുടെയും അവസ്ഥ അതുതന്നെയാണു്, അതുതന്നെയാണു് ലോകത്തിൻെറതന്നെ സ്വഭാവം, എന്നു് സ്വാനുഭവത്തിൽനിന്നും പറഞ്ഞുതരാനും, ഒരാളെ കിട്ടിയാൽ അതു വലിയ ആശ്വാസകാരണമാണു്. അതുകൊണ്ടാണു്

'ജഹൗ സംകഥയാ ശുചഃ' (ഭാഗ. 10. 82. 18) പരസ്പര സംഭാഷണംകൊണ്ടു് പൃഥയുടെ മനോവ്യഥയകന്നു എന്നു് ഭാഗവതകാരൻ പറയുന്നതു്.

ഭാഗവതത്തിൽ നാമിനി കുന്തിയെ കാണുന്നതു വളരെക്കാലം കഴിഞ്ഞിട്ടാണു്. ചൂതിൽ തോററു് അനേക വഷം കാട്ടിലലഞ്ഞുനടന്നശേഷം തങ്ങൾക്കു് അവകാശപ്പെട്ട രാജ്യഭാഗം തിരിച്ചുചോദിച്ചപ്പോാം കൊടുക്കാതിരുന്ന കൗരവരെ കുരുക്ഷേത്രയുദ്ധത്തിൽ കൃഷ്ണസഹായവാന്മാരായ പാണ്ഡവന്മാർ കൊന്നൊടുക്കി. ഭീമസേനൻെറ ഗദാഘാതമേററു് ദുര്യോധനൻ നിലംപതിച്ചു. അശ്വത്ഥാമാവു് രാത്രിയിൽ ശിബിരത്തിൽ ഉറങ്ങിക്കിടന്നിരുന്ന പാഞ്ചാലീപുത്രന്മാരുടെ തലയറുത്തു ദുര്യോധനനു കാഴ്ചവെച്ചു. ദുര്യോധനൻ ആ നീചകൃത്യത്തെ നിന്ദിക്കുകയാണു് ചെയ്തതു്. പുത്രനാശത്തിൽ പാഞ്ചാലി പരിതാപപരവശയായി. പുത്രഹന്താവിൻെറ തല അറുത്തു കൊണ്ടുവരാമെന്നു പറഞ്ഞു് അജ്ജുനൻ പാഞ്ചാലിയെ സമാധാനിപ്പിച്ചു. അജ്ജുനൻ അച്യുതനോടൊരുമിച്ചു് തേരിൽ അശ്വത്ഥാമാവിനെ തേടി പുറപ്പെട്ടു. പ്രാണഭയഭീതനായ അശ്വത്ഥാമാവു് ബ്രഹ്മാസ്ത്രം അഭിമന്ത്രിച്ചയച്ചു. ഭയചകിതനായ അജ്ജുനൻ കൃഷ്ണനിൽ അഭയം തേടി. അശ്വത്ഥാമാവയച്ചബ്രഹ്മാസ്ത്രമാണതെന്നുംഅയാാംക്കതിൻെറ ഉപസംഹാരം അറിഞ്ഞുകൂടെന്നും അതിനു് പ്രത്യസ്ത്രമില്ലെന്നും പറഞ്ഞു കൃഷ്ണൻ; അജ്ജുനനോടു് അതിനെ ബ്രഹ്മാസ്ത്രംകൊണ്ടു തടുക്കാനും ഉപദേശിച്ചു. അജ്ജുനനും ബ്രഹ്മാസ്ത്രം തൊടുത്തുവിട്ടു. രണ്ടു ബ്രഹ്മാസ്ത്രങ്ങളുടെയും തേജസ്സുകൊണ്ടു് ലോകമെല്ലാം ദഹിക്കാൻ തുടങ്ങുന്നതു കാണുകയാലും ശ്രീകൃഷ്ണൻെറ തിരുവുള്ളം മനസ്സിലാക്കിയും അജ്ജുനൻ രണ്ടിനെയും ഉപസംഹരിച്ചു; വേഗം ചെന്നു് ആ ബ്രഹ്മബന്ധുവിനെ പിടിച്ചു കയറുകൊണ്ടു കെട്ടി ശിബിരത്തിൽ കൊണ്ടുവന്നു. നിരപരാ

ധരായ ബാലന്മാരെ ഉറങ്ങിക്കിടക്കുമ്പോൾ കൊന്ന ആ നിഷ്ഠരനെ കൊല്ലാൻ കൃഷ്ണൻ ഉപദേശിച്ചുവെങ്കിലും ഗുരുപുത്രനെ വധിക്കാൻ അജ്ജുനൻ ഇഷ്ടപ്പെട്ടില്ല. കയറുകൊണ്ടു കെട്ടിയ കാളയെപ്പോലെ കൊണ്ടുവരപ്പെട്ട ഗുരുപുത്രനെ കണ്ടപ്പോൾ ധമ്മിഷ്ഠയായ പാഞ്ചാലിയുടെ ഹൃദയം അലിഞ്ഞു. അശ്വത്ഥാമാവിന്റെ അമ്മയ്ക്കു് തന്നെപ്പോലെ പുത്രദുഃഖം അനുഭവിക്കാനിടവരരുതെന്നും, ബ്രാഹ്മണനെ നിന്ദിക്കരുതെന്നും, ഗുരുപുത്രനെ ദ്രോഹിക്കരുതെന്നും, പാഞ്ചാലി അപേക്ഷിച്ചു. അജ്ജുനൻ വാളെടുത്തു് അയാളുടെ മുടിയറുത്തു; മൂദ്ധാവിലുള്ള മണി അപഹരിച്ചു; കെട്ടറുത്തു കൂടാരത്തിൽനിന്നും ആട്ടിപ്പായിച്ചു.

അനന്തരം എല്ലാവരുംകൂടി ഹരിപാദോദകയായ ഭാഗീരഥിയിൽ പോയി പരേതരായ സ്വജനങ്ങൾക്കെല്ലാം ഉദകദാനം ചെയ്തു. ധൃതരാഷ്ട്രരെയും പാണ്ഡവന്മാരെയും പൃഥയെയും ശ്രീകൃഷ്ണനും മഹഷിമാരും അപ്രതിക്രിയമായ കാലത്തിന്റെ ഗതിയെക്കുറിച്ചു പറഞ്ഞു കേൾപ്പിച്ചു് ആശ്വസിപ്പിച്ചു. ഇപ്രകാരം പാഞ്ചാലിയുടെ കചസ്പശം തുടങ്ങിയ അധമ്മങ്ങൾകൊണ്ടു് ഹതായുസ്സുകളായ ദുശ്ശാസനാദികളെ കൊല്ലിച്ചു്, അജാതശത്രുവിനു് അഹമായ രാജ്യം വീണ്ടെടുത്തുകൊടുത്തു്, അദ്ദേഹത്തിന്റെ യശസ്സു് ദിക്കെങ്ങും പരത്തി, പാണ്ഡവന്മാരുടെ പ്രീതിക്കുവേണ്ടി ഏതാനുംകാലം അവരോടൊന്നിച്ചു് ഹസ്തിനാപുരത്തിൽ വാണശേഷം, സാത്യകിയോടും ഉദ്ധവരോടും ഒരുമിച്ചു് ദ്വാരകയ്ക്കു തിരിച്ചെഴുന്നള്ളുന്നതിനു് തീച്ചയാക്കി, വ്യാസാദിമഹഷിമാരെ പൂജിച്ചും അവരാൽ പൂജിക്കപ്പെട്ടും, പാണ്ഡവന്മാരോടു് യാത്രാനുമതി വാങ്ങിയും ശ്രീകൃഷ്ണഭഗവാൻ രഥത്തിൽ കയറി. അപ്പോഴതാ ഭയവിഹ്വലയായി കേണുകൊണ്ടു് ഉത്തര പാഞ്ഞുവരുന്നു! 'ദേവദേവ, ജഗന്നാഥ, കാക്കണേ,

കാക്കണേ! അവിടുന്നല്ലാതെ അടിയനൊരാശ്രയമില്ലേ! പ്രഭോ, ചുട്ടുപഴുത്ത ക്രൂരമ്പിതാ എൻെറ നേക്കു പാഞ്ഞു വരുന്നു. നാഥ, അതെന്നെ കൊന്നുകൊള്ളട്ടെ. എൻെറ കുഞ്ഞിനു കേടുവരാതെ കാത്തരുളണേ!'

അപമാനിതനായ അശ്വത്ഥാമാവു് പാണ്ഡവവംശ വിച്ഛേദം വരുത്തണമെന്നു് കരുതി അയച്ച ബ്രഹ്മാസ്ത്ര മാണതു് എന്നു് ഭഗവാൻ അറിഞ്ഞു. പാണ്ഡവന്മാരുടെ നേക്കും ഓരോ സായകം പാഞ്ഞടുത്തു. അനന്യശരണ രായ അവരെ സുദർശനംകൊണ്ടു ഭഗവാൻ രക്ഷിച്ചു. യോഗേശ്വരനായ ഭഗവാൻ സ്വമായാശക്തിയാൽ ഉത്തരാഗർഭത്തിൽ പ്രവേശിച്ചു് ഗർഭത്തെ പരിരക്ഷിച്ചു. അങ്ങനെ പാണ്ഡവകുലം പരിരക്ഷിതമായി. അനന്തരം യാത്രയ്ക്കൊരുങ്ങി നില്ക്കുന്ന ശ്രീകൃഷ്ണഭഗവാനെ, വധുവി നോടും പുത്രന്മാരോടുമൊപ്പം ബ്രഹ്മതേജോവിനിർമ്മുക്ത യായ കുന്തീദേവി ഇപ്രകാരം സ്തോത്രം ചെയ്തു:

'സകല ജീവജാലങ്ങളുടേയും അകത്തും പുറത്തും വാണരുളുന്നവനും ആരാലും അറിയപ്പെടാത്തവനും പ്രകൃതി സന്താനങ്ങളുടെ നിയന്താവും പ്രകൃത്യതീതനും അനാദ്യ നന്തനും പരിപൂർണ്ണനും ആയ അങ്ങയെ ഞാൻ നമസ്ക രിക്കുന്നു.'

എന്തു്, കുന്തി ശ്രീകൃഷ്ണനെ നമസ്കരിക്കുകയോ? സ്വന്തം സഹോദരൻെറ പുത്രനും തദ്വാരാ പുത്രസ്ഥാനീയനു മായ ഒരാളെ നമസ്കരിക്കുകയെന്നോ ? അതേ, കുന്തീദേവി ശ്രീ വാസുദേവനെ നമസ്കരിക്കുന്നു. സ്വസോദര പുത്രനായിട്ടാണു് പിറവിയെടുത്തിരിക്കുന്നതു് എന്നതു കൊണ്ടു് അദ്ദേഹത്തിൻെറ മഹിമ മനസ്സിലാക്കാൻ കഴി യാതിരിക്കുന്നില്ല കുന്തിക്കു്. തങ്ങൾക്കു് ഒപ്പമോ തങ്ങ ളേക്കാൾ താണതോ ആയ നിലയിൽ ഉള്ള ആളുകളുടെ മഹിമ കാണാൻ മനുഷ്യർക്കു പ്രയാസമാണു്.

സന്നികർഷോ ഹി മർത്ത്യാനാമനാദരണകാരണം
ഗാംഗം ഹിത്വാ യഥാന്യാംഭസ്തത്രത്യോ യാതി ശുദ്ധയേ.
(ഭാഗ. 10. 84.31)

കർമ്മംകൊണ്ടു കർമ്മനിർഹാരം സാധിക്കുന്നതെങ്ങനെ, എന്നു് സമന്തപഞ്ചകത്തിൽവെച്ചു് ശ്രീകൃഷ്ണപിതാവായ വസുദേവൻ വ്യാസനാരദാദിമഹർഷിമാരോടു ചോദിച്ചു. അതു കേട്ടപ്പോൾ നാരദൻ പറഞ്ഞു: 'വസുദേവനിപ്രകാരം ആത്മശ്രേയസ്സിനെക്കുറിച്ചു് നമ്മോടു ചോദിക്കുന്നതിൽ അദ്ഭുതമില്ല. കാരണം, അദ്ദേഹം ശ്രീകൃഷ്ണനെ തൻെറ മകനായിട്ടേ കരുതുന്നുള്ളു. അടുത്തു പാർക്കുന്നവരിൽ ആളുകൾക്കു് അനാദരം തോന്നുക സാധാരണമാണല്ലോ. ഗംഗാതീരനിവാസികൾ ആത്മശുദ്ധിക്കായി അന്യതീർത്ഥങ്ങൾ തേടിപ്പോകാറില്ലേ ?' ശ്രീകൃഷ്ണൻെറ അച്ഛനു പററിയ അബദ്ധം അച്ഛൻപെങ്ങൾക്കു പററിയില്ല. കുന്തിക്കറിയാം ആരാണു് മരുമകനെന്നു്: പഞ്ചാസ്യവിക്രമന്മാരായ സ്വപുത്രന്മാരൊന്നും തന്നെ തുണയ്ക്കാൻ പോന്നവരല്ലെന്നു്: അവർക്കും ആശ്രയം ആരാണെന്നു്. ഈ ദിവ്യദൃഷ്ടി ശ്രീകൃഷ്ണൻെറ സമകാലികരിൽ ചുരുക്കം പേർക്കേ ഉണ്ടായിരുന്നുള്ളു. പലരും അദ്ദേഹത്തെ നിരാകരിക്കുകയും നിന്ദിക്കുകയും ചെയ്തു. ചൈദ്യദന്തവക്ത്രാദികൾ അക്കൂട്ടത്തിൽ പെട്ടവരാണു്. ഭാരതയുദ്ധത്തിനു് മുമ്പുവരെ ശ്രീകൃഷ്ണൻെറ പ്രാണസഖനായ അർജ്ജുനൻപോലും അദ്ദേഹത്തെ തോഴനായും സ്യാലനായും സുഹൃത്തായുമാണു് കരുതിപ്പോന്നതു്. വ്യാസൻ, ഭീഷ്മർ, വിദുരർ, ഉദ്ധവർ, യുധിഷ്ഠിരൻ, ഗാന്ധാരി, കുന്തി എന്നിങ്ങനെ ചുരുക്കം ചിലർ മാത്രമേ അദ്ദേഹത്തിൻെറ യഥാർത്ഥമഹിമ മനസ്സിലാക്കിയുള്ളു. അപ്രകാരമുള്ള യഥാർത്ഥജ്ഞാനത്തിൽ നിന്നും ഉദിച്ച ഭക്തിമധുരമായ അമൃതമൊഴികളാണു് കുന്തിയിൽനിന്നും പൊഴിയുന്നതു്.

'മായയാകുന്ന മറയ്ക്കുള്ളിൽ മറഞ്ഞവനും നാശരഹിതനും ഇന്ദ്രിയാഗ്രാഹ്യനും ആയ അങ്ങയെ മൂഢബുദ്ധികാംക്കു്, വേഷം കെട്ടി കളിക്കുന്ന കളിക്കാരനെ കാണികാംക്കെന്നപോലെ, അറിയാൻ കഴിയുന്നില്ല. ആയതിനാൽ അറിവില്ലാത്ത ഞാൻ നമസ്കരിക്കുക മാത്രം ചെയ്യുന്നു.'

സകലലോകനിയന്താവും സർവ്വാന്തര്യാമിയും പ്രകൃത്യതീതനുമായ സർവ്വേശ്വരനെ മനുഷ്യനു് മനസ്സിലാക്കാനൊക്കുമോ? വേദങ്ങാംപോലും ആ പരംപൊരുാം തങ്ങാംക്കു് അപ്രാപ്യനാണു് എന്നല്ലേ വർണ്ണിക്കുന്നതു്? എന്നാൽ തികച്ചും അജ്ഞാതനും അജ്ഞേയനുമാണോ ആ പരംപൊരുാം? അല്ല, എന്തെന്നാൽ അതാണു നമ്മുടെ യഥാർത്ഥസ്വരൂപം, കണ്ണിന്റെ കണ്ണു്. അധോക്ഷജനാണു് അദ്ദേഹം. അധോക്ഷജനെന്നാലോ?

അധോഭൂതേ ഹ്യക്ഷഗണേ പ്രത്യഗ്രൂപപ്രവാഹിതേ
ജായതേ തസ്യ വൈ ജ്ഞാനം തേനാധോക്ഷജ ഉച്യതേ.
(സഹസ്രനാമഭാഷ്യം ശ്ലോകം. 57)

പുറത്തുള്ള ശബ്ദാദികളായ വിഷയങ്ങളെ ഗ്രഹിക്കാൻ പാഞ്ഞുനടക്കുന്ന കാതു്, കണ്ണു തുടങ്ങിയ ഇന്ദ്രിയങ്ങളെ പുറത്തുനിന്നു പിൻവലിച്ചു് ഉള്ളിലേയ്ക്കു തിരിച്ചാൽ അറിയാം ആ അന്തരാത്മസ്വരൂപിയെ. സൂക്ഷ്മവും ശുദ്ധവും ഏകാഗ്രവുമായ ബുദ്ധിക്കു് കുറഞ്ഞൊന്നു് അറിയാൻ കഴിയും ആത്മാവിനെ എന്നു് ഉപനിഷത്തുതന്നെ അരുളുന്നുണ്ടു്. അത്യന്തം അജ്ഞേയനായിരുന്നെങ്കിൽ അറിയാനാരും ഒരുമ്പെടുമായിരുന്നില്ല.എന്നിട്ടെന്താണറിയുന്നതു്? അറിവിനു വിഷയമല്ല, അറിവിൻവടിവാണു് ആത്മാവെന്നു്; മനസ്സിലാക്കാൻ ഒക്കുകയില്ല എന്നാണു മനസ്സിലാവുക. കാണികളുടെ കണ്ണിനു മൂടലുണ്ടു്, അവർ പുറത്തേയ്ക്കാണു നോക്കുന്നതും. കളിക്കാരനോ, അറിയാനാവാത്ത

വിധം വേഷങ്ങളണിഞ്ഞാണ് വന്നിരിക്കുന്നതും. അപ്പോഗ പിന്നെ എങ്ങനെ അറിയും ? ഭഗവാൻെറ സ്വരൂപം അറിഞ്ഞു എന്നൊന്നും കുന്തിക്ക് അഭിമാനമില്ല; അറിയാനാവില്ല എന്നറിയാം. എന്നാൽ പിന്നെ തൻെറ കർത്തവ്യമെന്ത് ? നമസ്കരിക്കുക മാത്രം.

'അതുപോലെതന്നെ, നിർമ്മലാന്തഃകരണന്മാരും നിരന്തരം ആത്മാനുസന്ധാനം ചെയ്യുന്നവരും ആയ പരമഹംസന്മാർക്കുപോലും അങ്ങയുടെ തത്ത്വം അറിയാൻ കഴിയുന്നില്ല. അങ്ങനെയിരിക്കെ കേവലം സ്ത്രീകളായ ഞങ്ങളുടെ കഥ എന്തു പറയട്ടെ! കുഴല്ലു കുമ്പിടുക മാത്രമേ ഞങ്ങളാലാവതുള്ളു.'

പൂർണ്ണപുണ്യാവതാരത്തിൻെറ മഹിമാതിശയവുമായി തുലനപ്പെടുത്തുമ്പോഗ, അല്പബുദ്ധികളായ ജീവന്മാർക്ക്, അവരെത്രതന്നെ ഉയർന്നാലും, എന്തറിയാൻ കഴിയും ? വ്യാസനാരദാദികഗപോലും ആ സച്ചിദാനന്ദപാരാവാരത്തിൻെറ അലയൊലി കേട്ടിരിക്കാം, ശുകൻ ഒരുപക്ഷെ രണ്ടുനാലു കണങ്ങഗ സേവിച്ചിരിക്കാം എന്നാണ് ശ്രീരാമകൃഷ്ണദേവൻ പറയാറുള്ളതു്. വേദാധ്യയനവും തപസ്സും യോഗവുമെല്ലാമുള്ള മാമുനിമാരുടെപോലും നിലയിതാണെങ്കിൽ, ആവക സംസ്കാരങ്ങഗക്കൊന്നും അവസരം ലഭിക്കാത്ത അബലകളുടെ അവസ്ഥയെന്ത് ? അവർക്ക് ആ ഭഗവാനെ വിളിച്ചു കേഴാം; ആ കാൽത്താരിൽ കുമ്പിടാം. കുന്തി അതുതന്നെ ചെയ്യുന്നു.

'ദേവകീവസുദേവന്മാരുടെ പൈതലായി പിറന്നു്, യശോദാനന്ദഗോപന്മാരുടെ ഓമലായി വളർന്നു്, കാലി മേച്ചു കാലം കഴിച്ച കണ്ണാ, അവിടേയ്ക്കു വീണ്ടും വീണ്ടും നമസ്കാരം.'

പരംപൊരുഗ മനസ്സിന്നു് വിഷയമല്ല എന്നു് ആലോചിക്കുമ്പോഗ മനസ്സിലാകും, ബുദ്ധിക്കു തൃപ്തിയാകും,

61632

പക്ഷെ നമ്മുടെ നെഞ്ചകത്തൊരു ശൂന്യത, ഹൃദയത്തിനൊരു കുളിർമ്മയില്ലായ്മ. ആ വസ്തുവിനെ ഒന്നു കാണാനും മുകരാനും താലോലിക്കുവാനും ഉൾക്കാമ്പു കേഴുന്നു. വേദങ്ങൾ വ്യസിച്ചിട്ടും പഞ്ചമവേദം രചിച്ചിട്ടും ബ്രഹ്മവച്ച്സ്വിയായിട്ടും വ്യാസമുനിയുടെ ഹൃദയത്തിന് ശാന്തിയും ശീതളതയും ലഭിക്കാതിരുന്നതു് അതുകൊണ്ടാണല്ലോ. ആ സച്ചിദാനന്ദസ്വരൂപി അമ്പാടിയിലെ കണ്ണനുണ്ണിയായി കൺമുമ്പിൽ തത്തിച്ചാടിക്കളിക്കുന്നതും തായാട്ടു കാട്ടുന്നതും ഓടക്കുഴലൂതുന്നതും കണ്ടാലോ കേട്ടാലോ മതിയാവുകയുണ്ടോ? അതു കാണുകയും കേൾക്കുകയും ചെയ്യുന്നവന് നിർവ്വാണംപോലും നീരസമായിത്തോന്നിയാൽ അദ്ഭുതമില്ല. അങ്ങനെയുള്ള ആ ആരോമലിനെ നിനസ്സാനും നമിക്കാനും ആത്മാരാമന്മാരായ മാമുനിമാർ പോലും കൊതികൊള്ളുമെന്നിരിക്കെ, ഒരമ്മയായ കുന്തീദേവി, ആ നിലയിലല്ലാതെ പിന്നെയെങ്ങനെ ധ്യാനിക്കും? ഒരച്ഛനും ഒരമ്മയും മാത്രം പോരാ എന്നു് കരുതിയല്ലേ കണ്ണൻ പിറന്നിടത്തു വളരാഞ്ഞതു്? മനുഷ്യരുടെ മാത്രം സ്വത്തല്ല താൻ എന്നു കാണിക്കാനല്ലേ ആടുമാടുകളെ മേച്ചു നടന്നതു് ? വേദവേദ്യമായ പരബ്രഹ്മം കാർവ്വർണ്ണനായിട്ടു് പുല്ലാങ്കുഴലുമൂതി കൺമുമ്പിൽ വിളയാടട്ടെ. നമുക്കപ്പോൾ ആ സാമഗാനം കേൾക്കാം, ആ ആനന്ദമൂർത്തിയെ മുകരാം, പുണരാം; ആ ഉണ്ണിക്കാൽ തലോടാം, കെട്ടിപ്പിടിക്കാം.

നമഃ പങ്കജനാഭായ നമഃ പങ്കജമാലിനേ,
നമഃ പങ്കജനേത്രായ നമസ്തേ പങ്കജാംഘ്രയേ.

'നാഭിയിൽ കമലമുടയവനേ, കൈതൊഴാം. ചെന്താർമാലയണിഞ്ഞവനേ, തൊഴാം. നളിനദളായതലോചനനേ, തൊഴാം. ചെന്താർതോല്ക്കും കഴലിണയുടയവനേ, തൊഴാം,'

തന്മുമ്പിൽ നില്ക്കുന്ന ആ മായാമാധവൻെറ നിരതിശയമഹിമ മനസ്സിലായി; തൻെറ നിസ്സാരതയും മനസ്സിലായി. എങ്കിലും ആ സച്ചിദാനന്ദമൂത്തി തൻെറ ഉടപ്പിറന്നവൻെറ പൈതലായി പിറന്നിരിക്കുകയാണിപ്പോൾ. തൻെറ വാത്സല്യപാത്രമാണ്. ഹൃദയം ദ്രവിച്ചു. ജ്ഞാനവും വാത്സല്യവും സ്നേഹസുധയായി ഒഴുകി. ആനന്ദഘനവിഗ്രഹനെ ദർശിച്ച് ഹൃദയം ദ്രവിച്ചാൽ അമൃതവാണികളല്ലൊ ഒഴുകുക.

'ക്രൂരനായ കംസൻ കൽത്തുറുങ്കിലിട്ടടച്ച് നെടുനാൾ പീഡിപ്പിച്ച അവിടത്തെ അമ്മയെ അവിടുന്നു മോചിപ്പിച്ചതുപോലെ, അല്ലയോ നാഥ, അവിടുന്ന് പലവാറ് എന്നെയും എൻെറ മക്കളെയും പലതരത്തിലുള്ള വിപത്തുകളിൽനിന്നും കാത്തരുളുകയുണ്ടായി.'

ശ്രീഭഗവാനിൽനിന്നും തനിക്കു ലഭിച്ച അനുഗ്രഹപരമ്പര സ്മരിച്ചാൽ കുന്തിയെങ്ങനെ കേഴാതിരിക്കും, കഴലിണ പണിയാതിരിക്കും? അമ്മയായ ദേവകിയെ മോചിപ്പിച്ചതുപോലെ തന്നെയും മോചിപ്പിച്ചു എന്നേ ഇവിടെ പറയുന്നുള്ളുവെങ്കിലും അമ്മയോടു കാണിച്ചതിലും കൂടുതൽ കനിവു തന്നോടു കാണിച്ചു എന്നുകൂടി സൂചിപ്പിക്കുന്നുണ്ട്. അമ്മയുടെ മററു മക്കളെയാരെയും രക്ഷിക്കുകയുണ്ടായില്ല. മാത്രമോ, അമ്മയ്ക്കുപോലും വളരെക്കാലം കാരാഗൃഹവാസം അനുഭവിക്കേണ്ടിവരുകയും ചെയ്തു. എന്നാൽ കുന്തിക്കോ? ആപത്തിലകപ്പെട്ട് കുന്തിയോ വധുവോ മക്കളോ ആരെങ്കിലും വിളിച്ചപ്പോഴൊക്കെ ഭഗവാൻ പാഞ്ഞെത്തി അവരെ രക്ഷിക്കുകയുണ്ടായിട്ടുണ്ട്. കുന്തിയുടെ പുത്രന്മാക്കാക്കും ആപത്തൊന്നും ഏറ്റിട്ടുമില്ല. ഇപ്രകാരം ഭക്തപരാധീനനായ ഭഗവാൻ തൻെറ അമ്മയായ ദേവകിക്കു നല്കിയതിലും കൂടുതൽ അനുഗ്രഹങ്ങൾ കുന്തിക്ക് അരുളുകയുണ്ടായി. ദേവകിക്കു നാഥൻ വേറെയുണ്ട്: കുന്തിക്കോ, കൃഷ്ണനല്ലാതെ ആരു

മില്ല. ഉപകാരസ്മരണ അല്പമെങ്കിലും ഉള്ളവരാരെങ്കിലും ആ അഹേതുകദയാസിന്ധുവിനെ നമസ്കരിക്കാതിരിക്കുമോ, ആശ്രയിക്കാതിരിക്കുമോ ?

'ഭീമനു് ദുര്യോധനൻ കൊടുത്ത വിഷത്തിൽനിന്നും അരക്കില്ലത്തിലെ കൊലത്തീയിൽനിന്നും, നരഭക്ഷകളായ ഹിഡിംബാദി അരക്കരിൽനിന്നും,കള്ളച്ചൂതുകളിച്ച അവസരത്തിൽ വധുവിനെ അപമാനിച്ച ദുഷ്ടപ്പരിഷകളിൽനിന്നും, വനത്തിലെ വിവിധ വിപത്തുകളിൽ നിന്നും, പോരിൽ മഹാരഥന്മാർ പലരും പ്രയോഗിച്ച ദിവ്യാസ്ത്രങ്ങളിൽനിന്നും അല്ലയോ ശ്രീഹരേ, അവിടുന്നു ഞങ്ങളെ കാത്തുരക്ഷിച്ചിരിക്കുന്നു.'

തനിക്കും തന്റെ മക്കൾക്കും ഏറ്റപ്പെട്ട ഓരോ ആപത്തുകളും അവയിൽനിന്നെല്ലാം ഭഗവത്കാരുണ്യം കൊണ്ടു് തങ്ങൾ രക്ഷിക്കപ്പെട്ട സംഗതിയും കുന്തി കൃതജ്ഞതാപുരസ്സരം അനുസ്മരിക്കുന്നു. വിഷം, അരക്കില്ലം, അസുരന്മാർ മുതലായവയിൽനിന്നുള്ള മോചനം ശ്രീകൃഷ്ണന്റെ നേരിട്ടുള്ള സാന്നിധ്യംകൊണ്ടല്ല എങ്കിലും, അവയും ഭഗവാന്റെ സങ്കല്പവും അനുഗ്രഹവുംകൊണ്ടു മാത്രമാണു സാധിച്ചതു് എന്നു് കുന്തിക്കു നല്ല ഉറപ്പുണ്ടു്. തങ്ങളുടെ ബലം ഭഗവാന്റെ കാരുണ്യം മാത്രമാണു് എന്നു് കുന്തിക്കു ശരിക്കറിയാം.

'എന്മക്കൾ വനത്തിൽ അലഞ്ഞുനടക്കുമ്പോൾ അവരെ ശപിക്കുന്നതിനായി ദുര്യോധനനയച്ച ദുർവ്വാസാവു മഹർഷിയും അനുചരന്മാരും മാത്രമല്ല ത്രിലോകവാസികളും, അവിടുന്നു് പാഞ്ചാലിയുടെ പാത്രത്തിൽ പററിയിരുന്ന ഒരു ചീരയില ഭക്ഷിച്ചപ്പോൾ സംതൃപ്തരായിത്തീർന്നുവല്ലൊ.'

ഭഗവാന്റെ ഭക്തരക്ഷണവ്യഗ്രത വെളിവാക്കുന്ന മറെറാരു പ്രധാനസംഭവം അനുസ്മരിക്കുന്നു. പാണ്ഡവ

ന്മാരും പാഞ്ചാലിയും ക്ഷേമമായി കഴിയുന്നോ കാട്ടിൽ, എന്നറിയണമെന്ന അപേക്ഷയോടെ ദുര്യോധനൻ പതി നായിരം ശിഷ്യന്മാരോടൊത്ത ദുർവ്വാസാവുമഹർഷിയെ പാണ്ഡവസമീപം അയച്ചതും, മഹർഷി, പാഞ്ചാലിയുടെ ഭക്ഷണം കഴിഞ്ഞു് അക്ഷയപാത്രം ശൂന്യമായശേഷം അവിടെ ചെന്നുചേർന്നതും, യുധിഷ്ഠിരൻ അദ്ദേഹത്തെ അതിഥിയായി വരിച്ചതും, മഹർഷി മാധ്യാഹ്നികത്തിനു പോയതും, മഹർഷിക്കു് ആഹാരം നല്കാൻ വഴിയില്ലാതെ വിഷമിച്ച പാഞ്ചാലി കൃഷ്ണനെ വിളിച്ചു കേണതും, കൃഷ്ണൻ പാഞ്ഞെത്തി പാഞ്ചാലിയുടെ പാത്രത്തിൽ പററിയിരുന്ന ചീരയില ആഹരിച്ചതും, സർവ്വാത്മാവു് സംതൃപ്തനായതോടെ ദുർവ്വാസാവുൾപ്പെടെ സർവ്വചരാചര ങ്ങളും സംതൃപ്തമായതും, സ്ഥിതിഗതികൾ മനസ്സിലാ ക്കിയ ദുർവ്വാസാവു് വേറേ വഴിക്കു സ്ഥലം വിട്ടതുമെല്ലാം ശ്രീഭഗവാൻെറ ഭക്തവാത്സല്യത്തിനു് സുപ്രസിദ്ധമായ ഉദാഹരണമാണല്ലൊ.

മൂക്കത്തു ശുണ്ഠിയുമായി നടക്കുന്ന ആളാണു ദുർവ്വാ സാവു്; ശ്രീകൃഷ്ണനെപ്പോലും പരീക്ഷിക്കാൻ മുതിർന്നി ട്ടുള്ള ആൾ. അവിടെ പക്ഷേ തോററു് അടിയറവു പറഞ്ഞു് അനുഗ്രഹിച്ചു പോവുകയാണുണ്ടായതെന്നുമാത്രം. അങ്ങനെ യുള്ള ദുർവ്വാസാവിൻെറ ക്രോധാഗ്നിയിൽ പാണ്ഡവന്മാർ ശലഭങ്ങളായിത്തീരാതിരുന്നതു് ശ്രീകൃഷ്ണൻെറ അപാര കാരുണ്യം ഒന്നുകൊണ്ടു മാത്രമാണല്ലൊ.

'ജഗദ്ഗുരോ, ഞങ്ങൾക്കെന്നും അടിക്കടി ആപ ത്തുകൾ ഉണ്ടാവാനായി അനുഗ്രഹിച്ചാലും; എന്തെന്നാൽ, അപ്പോഴൊക്കെയും അവിടുത്തെ ദൎശനം ലഭിക്കും. അവി ടുത്തെ ദൎശനം ലഭിച്ചാൽ പിന്നെ സംസാരദുഃഖം ഉണ്ടാവു കയുമില്ല.'

അസാധാരണമായ ഒരു പ്രാൎത്ഥനയാണിതു്. വന്നു കൂടുന്ന ആപത്തുകൾ, ഈശ്വരേച്ഛയാ വരുന്നവയെന്നോ

സ്വകർമ്മഫലമായി വരുന്നവയെന്നോ കരുതി വലിയ പരാതിയോ വേവലാതിയോ കൂടാതെ ആവുന്നതും സമചിത്തതയോടെ സഹിക്കാൻ സാധകന്മാർ ശ്രമിക്കാറുണ്ട്. ഈശ്വരപ്രാപ്തിക്കായി സ്വയം കായക്ലേശങ്ങൾ സ്വീകരിക്കാറുമുണ്ട്. പക്ഷെ ഈശ്വരനെ കണ്ടിട്ട് ആരും ആപത്തിനായി അപേക്ഷിക്കാറില്ല. ഈശ്വരനെ കണ്ടില്ലെങ്കിലും വേണ്ടില്ല, ആപത്തുകൾ അലട്ടാതിരിക്കണേ, എന്നായിരിക്കും അധികംപേരും ആഗ്രഹിക്കുന്നത്. ഭാഗവതകാരൻെറ ഒരപൂർവ്വസാമർത്ഥ്യമാണ് നാമിവിടെ കാണുന്നത്. ആ തൂലികയിൽക്കൂടി പുറത്തുവരുമ്പോൾ സർവ്വവും ഭഗവന്മയവും ഭഗവത്പ്രാപകവുമായി മാറും. മകൻ ദുഷ്ടനായോ ? വേനൻെറ അച്ഛന് മകനെക്കൊണ്ട് ഇരിക്കപ്പൊറുതിയില്ലാതായോ ? അച്ഛൻ അർദ്ധരാത്രിയിൽ കൊട്ടാരത്തിൽനിന്നും ഒളിച്ചോടി കാട്ടിലെത്തി നെടുവീർപ്പ് വിട്ടുകൊണ്ട് പാടുന്നു: 'കദപത്യം വരം മന്യേ സദപത്യാത് ശുചാം പദാത്.' കൊള്ളരുതാത്ത മക്കൾ തന്നെ, കൊള്ളാം; കാരണം, അവർ താതമാതാക്കൾക്ക് വൈരാഗ്യത്തിനും വിവേകത്തിനും ഈശ്വരപ്രപത്തിക്കും കാരണമാകുമല്ലൊ. ധനികൻെറ ധനമെല്ലാം നശിച്ച് അയാൾ ഏഴയായോ ? ഭാഗവതകാരൻെറ ഭിക്ഷു പാടുന്നു: 'തസ്മാദനർത്ഥമർത്ഥാഖ്യം ശ്രേയോഽർത്ഥീ ദൂരതസ്ത്യജേത്.' കള്ളം, കപടം, ചതി, പൊളി, കൊല, കലി എന്നിങ്ങനെ കണക്കില്ലാതെയുള്ള കടുംകൈയ്കൾക്കു കാരണമായ അർത്ഥം വാസ്തവത്തിൽ അനർത്ഥമാണ്. ശ്രേയസ്കാമൻ അതിൻെറ അടുത്തുകൂടി പോകരുത്. വൈരവും ഈർഷ്യയുമാണോ ഒരുവൻെറ മനസ്സിൻെറ മുഖ്യപ്രവണതകൾ ? അവ ഭഗവാൻെറ നേരേ തിരിക്കു.'സംരംഭയോഗം' കൊണ്ട് കംസനോ ഹിരണ്യകശിപുവിനോ ഉണ്ടായതുപോലെയുള്ള നിരന്തരമായ ഈശ്വരാഭിമുഖമായ മനോവൃത്തി യോഗികൾക്കുംകൂടി ദുർലഭമാണ്. കാമ

മാണ് അധ്യാത്മസാധനയിൽ ഒരുവൻെറ പരമശത്രു. വ്യാസൻെറ വല്ലവികാം കാമത്തിൽക്കൂടി കണ്ണനെ പ്രാപിച്ച് പരമഭാഗവതകളായിത്തീൎന്നു. ഈ വിധത്തിൽ സാധകൻെറ വൈരികളെപ്പോലും സുഹൃത്തുക്കളാക്കി മാററുന്നു ഭാഗവതകാരൻ. എല്ലാററിൻേറയും ഉദ്ദേശം ഒന്നുതന്നെ: മനസ്സിങ്ങനെ നിരന്തരം ഈശ്വരാഭിമുഖമാക്കും എന്നു്.

ഐശ്വര്യശ്രീമദാന്ധനായ മനുഷ്യൻ ഈശ്വരനെ സ്മരിക്കുകയില്ല. ആപത്തു വരുമ്പൊഴേ മനംനൊന്ത് ഭഗവാനെ വിളിക്കൂ. അങ്ങനെ വിളിച്ചപ്പോഴെല്ലാം ഭഗവാൻ വന്നു തുണച്ചു. ഇപ്പോഴിതാ സ്വപുത്രൻ നിഹതകണ്ടകനായി ഭാരതചക്രവൎത്തിയായിരിക്കുന്നു, പാണ്ഡവന്മാർ പ്രബലന്മാരായിരിക്കുന്നു. അപ്പോൾ കണ്ടോ, ഭഗവാൻ തങ്ങളെ പിരിഞ്ഞുപോകാൻ തുടങ്ങുന്നു! ആപത്തുകളോടുകൂടി ഭഗവാനെ വേണോ, അതോ ഭഗവാനെ വിട്ട് സമ്പത്തു വേണോ, എന്നു ചോദിച്ചാൽ കുന്തിക്ക് ഉത്തരം നൽകാൻ യാതൊരു സംശയവുമില്ല. ഭഗവാൻ കൂടെയുള്ളപ്പോൾ ആപത്ത് ആപത്തല്ല; ഭഗവാനെക്കൂടാതെയുള്ള സമ്പത്ത് സമ്പത്തുമല്ല. ഭഗവത്കടാക്ഷം സദാ തങ്ങളിലുണ്ടെന്ന ബോധം വന്നാൽ നരകയാതനപോലും ഈശ്വരാനുഗ്രഹമായി ഭക്തന്മാർ സ്വീകരിച്ചുകൊള്ളും. ഒരു കാലത്തും ഒരു വിധത്തിലും ഭഗവാനെ വിസ്മരിക്കാതിരിക്കാൻവേണ്ടി കുന്തി കാംക്ഷിച്ച ഒരു അപൂൎവ്വവരമാണിത്.

'ആഭിജാത്യം, ഐശ്വര്യം, പാണ്ഡിത്യം, സമ്പത്ത്, ഇവകൊണ്ടു മദിക്കുന്ന മനുഷ്യന്, തൻേറതെന്നു പറയാൻ യാതൊന്നുമില്ലാത്തവൎക്ക് സുലഭനായ അങ്ങയുടെ നാമം ഉച്ചരിക്കാൻപോലും അൎഹതയില്ല.'

അഹങ്കാരമാണ് സാധകൻെറ വലിയ ശത്രു. അഹങ്കാരം പല വേഷത്തിലും പ്രത്യക്ഷപ്പെടും. കുലം, അധി

കാരം, വിദ്യ, വിത്തം ഇവയൊക്കെ അഹങ്കാരകാരണങ്ങ ളാണു്. ആയിരം ഫണമുള്ള കാളസപ്പത്തോടാണു് ശ്രീരാമകൃഷ്ണൻ അഹങ്കാരത്തെ ഉപമിക്കാറു്. ആ കാള സപ്പത്തെ കൊല്ലാതെ ഭഗവത്സമീപം പോകാനൊക്കു കയില്ല. 'യസ്യാനുഗ്രഹമിച്ഛാമി തസ്യ വിത്തം ഹരാ മ്യഹം.' 'ഞാൻ അനുഗ്രഹിക്കാൻ ഉദ്ദേശിക്കുന്നവൻെറ ധനത്തെയെല്ലാം അപഹരിക്കുന്നു.' എന്നു് ഭഗവാൻതന്നെ പറയുന്നുണ്ടു്. ഇനി, ഏതെങ്കിലും വിധത്തിൽ ഈവക അഹങ്കാരങ്ങൾ കുറഞ്ഞൊന്നു കുറഞ്ഞാൽ, താൻ നിരഹ ങ്കാരിയാണു് എന്ന അഹങ്കാരമായിരിക്കും പിടികൂടുന്നതു്. ഇതു കൂടുതൽ സൂക്ഷ്മമായതുകൊണ്ടു് നശിപ്പിക്കാനും കൂടുതൽ പ്രയാസമാണു്. അതുകൊണ്ടു് ആ 'ശപ്പൻ' ഈശ്വരൻെറ ദാസനായി ഇരുന്നുകൊള്ളട്ടെ, എന്നാണു് ശ്രീരാമകൃഷ്ണൻ ഉപദേശിക്കുന്നതു്. അപ്പോൾ കാളസപ്പ ത്തിൻെറ വിഷപ്പല്ലു് പൊയ്പോകും. അതു പിന്നെ തന്നെയോ അന്യരെയോ ഉപദ്രവിക്കുകയില്ല. അഹങ്കാരം നിലനില്ക്കുന്ന കാലത്തോളം ഒരുവനു് ഭഗവന്നാമം ജപി ക്കാൻ തോന്നുകയില്ല. തോന്നിയാൽത്തന്നെയും അങ്ങനെ ചെയ്യുന്നതു് ലജ്ജാവഹമായി കരുതും. അസത്യമോ അസഭ്യമോ അസംബന്ധമോ എവിടെയും ആരുടെ മുമ്പിലും എത്ര ഉച്ചത്തിലും വിളിച്ചുപറയാൻ മനുഷ്യനു് മടിയില്ല. എന്നാൽ, യഥാത്ഥത്തിൽ തനിക്കും അന്യക്കും ശ്രേയസ്കരമായ ഈശ്വരനാമം ജപിക്കുന്നതു് ആക്ഷേപ കരമാണത്രെ! മററുള്ളവർ തന്നെ 'ഭക്ത'നെന്നു വിളിച്ചു കളിയാക്കുകയില്ലേ? ഈ കളിയാക്കുന്നവക്കൊക്കെ നമുക്കു വേണ്ടി യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല എന്ന കാര്യം ആലോചിക്കാത്തതെന്തു്? അവരൊക്കെ ആ കാര്യം സാധിക്കുകയില്ല എന്നു കണ്ടാൽ പിന്നെ തിരിഞ്ഞു നോക്കുകയേയില്ല. ആരുമില്ലാതാകുമ്പോൾ തുണ ആ അകിഞ്ചനഗോചരൻ മാത്രമേ ഉള്ളു. പക്ഷേ മത്തു മാറാതെ അതു മനസ്സിലാവുകയില്ല.

'നിഷ്കിഞ്ചനന്മാരായ തപോധനന്മാരുടെ സൎവ്വസ്വവും, രാഗദ്വേഷങ്ങളില്ലാത്തവനും ആത്മാരാമനും സമചിത്തനും കൈവല്യപ്രദനുമായ അവിടേയ്ക്കു നമസ്കാരം.'

അപ്പോൾ ഭഗവാനെന്താ ധനികന്മാരോടു വല്ല വിരോധവും നിർധനന്മാരോട് എന്തെങ്കിലും മമതയും ഉണ്ടോ? അദ്ദേഹം വിഷമബുദ്ധിയാണോ? അല്ല, അദ്ദേഹത്തിനു് ആരോടും രാഗമോ ദ്വേഷമോ ഇല്ല. ആരിൽ നിന്നും ഒന്നും നേടാനോ ഭയപ്പെടാനോ ഇല്ല. ധനികന്മാൎക്കു വേണ്ടതു ധനവും അതിൽനിന്നു കിട്ടുന്ന ഭോഗവുമാണു്, ഭഗവാനെയല്ല. ഭഗവാൻ കല്പതരുവാണു്. ആരു് എന്തു് ആവശ്യപ്പെടുന്നുവോ അതു കൊടുക്കുന്നു. ആവശ്യപ്പെടാതെ കൊടുക്കുന്നുമില്ല — സാധാരണ നിലയിൽ. വേണ്ടാത്തതു ചോദിച്ചു വാങ്ങി ക്ലേശങ്ങളും ദുരിതങ്ങളും വരുമ്പോൾ ഭഗവാനെ പഴിച്ചിട്ടെന്തു കാര്യം? കൈവല്യപ്രദനായ തന്നെത്തന്നെ തന്നരുളുന്ന തന്തിരുവടിയെ വെടിഞ്ഞു ക്ഷുദ്രവസ്തുക്കൾക്കായി കാംക്ഷിക്കുന്നതിനു് ആരാണുത്തരവാദി? രാവണൻ രാമന്റെ അടുത്തു പോയിട്ടു ചെയ്തതു സീതയെ കട്ടുകൊണ്ടുപോകലാണു്. ശരണം പ്രാപിച്ച വിഭീഷണനു് അഭയവും കിട്ടി.

'അങ്ങയെ സൎവ്വനിയന്താവും അനാദ്യനന്തനും സൎവ്വസമൎത്ഥനും എങ്ങും ഒരുപോലെ വൎത്തിക്കുന്നവനുമായ കാലരൂപിയെന്നു ഞാൻ കരുതുന്നു. അങ്ങു നിമിത്തമായി ജീവജാലങ്ങൾക്കു് തമ്മിൽത്തമ്മിൽ കലഹം സംഭവിക്കുന്നു.'

കുന്തിയുടെ കൃഷ്ണൻ വസുദേവപുത്രനോ മനുഷ്യനോ അല്ല, പിന്നെയോ, സൎവ്വശക്തനായ കാലസ്വരൂപിയാണു്. ആ കാലം സൎവ്വത്ര സമമായി വൎത്തിക്കുന്നു. കാലം നിമിത്തം ജീവജാലങ്ങൾ തമ്മിൽത്തമ്മിൽ തല്ലുന്നു, കൊല്ലുന്നു. ഭഗവാൻ നിഗ്രഹാനുഗ്രഹങ്ങൾ ചെയ്യു

ന്നില്ലേ എന്നാണെങ്കിൽ ആരു് ഭഗവാനെ ആശ്രയിക്കു ന്നുവോ അവനു് അനുഗ്രഹം ലഭിക്കുന്നു, കാലം അവനു് അനുകൂലമാകുന്നു. ആശ്രയിക്കാത്തവനു് മറിച്ചും അനു ഭവപ്പെടുന്നു. അല്ലാതെ ഈശ്വരനു് ആരും ദ്വേഷ്യനോ പ്രിയനോ അല്ല.

'സാധാരണമനുഷ്യരെ അനുകരിച്ചു ലീലയാടുന്ന വനും എങ്ങും ഒരിക്കലും പ്രിയനോ അപ്രിയനോ ആയി ആരുമില്ലാത്തവനും ആയ അങ്ങയുടെ സങ്കല്പം എന്തെന്നു് ആർക്കും അറിഞ്ഞുകൂടാ. എങ്കിലും അറിവില്ലാത്തവർ അങ്ങയെ വിഷമബുദ്ധിയെന്നു വിചാരിക്കുന്നു.'

ഓരോരുത്തരും അവരവരുടെ സ്വഭാവം തങ്ങളുടെ ഈശ്വരസങ്കല്പത്തിലും ആരോപിക്കുന്നു. രാഗദ്വേഷങ്ങ ളുള്ള മനുഷ്യൻ ഈശ്വരനിലും അവയെ കാണുന്നു. ഈശ്വ രൻ ചിലരെ നിഗ്രഹിക്കുന്നു, ചിലരെ അനുഗ്രഹിക്കുന്നു; അതു് അദ്ദേഹത്തിൻെറ പക്ഷപാതം കൊണ്ടല്ലയോ, എന്നു് ചിലർ ചോദിക്കാറുണ്ടു്. സകലരും സ്വസന്താന ങ്ങളാകുമ്പോഠം ഈശ്വരൻ ചിലരെ സ്നേഹിക്കുകയും ചിലരെ വെറുക്കുകയും ചെയ്യുന്നതെങ്ങനെ ? ഓരോരു ത്തരും എങ്ങനെ ഈശ്വരനെ ഭാവനചെയ്യുന്നുവോ അത നുസരിച്ചുള്ള ഫലം അവൎക്കു ലഭിക്കുന്നുവെന്നു . മാത്രം. കംസാദികഠം ശത്രുവായി കരുതി; ശത്രുരൂപത്തിൽ വന്നു, കൊന്നു; പാണ്ഡവന്മാർ മിത്രമായി കരുതി; മിത്രമായി വൎത്തിച്ചു് അവരെ തുണച്ചു. പക്ഷേ കൊല്ലപ്പെട്ട കംസാ ദികഠംക്കും തുണയ്ക്കപ്പെട്ട പാണ്ഡവന്മാൎക്കും ലഭിക്കുന്നതു് ഒരേ പരമഫലമാണു്. തെററു ചെയ്ത ശരീരത്തിനു് ശിക്ഷ കിട്ടി; ഈശ്വരനെ നിനച്ച ജീവനു് മോക്ഷവും കിട്ടി. ഈശ്വരൻെറ ശിക്ഷയും അനുഗ്രഹംതന്നെ. പക്ഷേ, ശിക്ഷയും രക്ഷയായിട്ടു് അറിയാൻ പ്രയാസമാണെന്നു മാത്രം.

'അല്ലയോ വിശ്വരൂപിൻ, ജനനമില്ലാത്തവനും കർത്താവല്ലാത്തവനും ആയ അവിടുന്നു്, ജലജന്തുക്കളിലും തിര്യക്കുകളിലും മനുഷ്യരിലും ഋഷികളിലും വന്നവതരിച്ചതും ഓരോ കാര്യങ്ങൾ ചെയ്തതും കേവലം ലീലമാത്രം.'

പൂർണ്ണനു് ജന്മമെവിടെ, കർമ്മമെവിടെ ? എന്നിരുന്നാലും ശ്രീഭഗവാൻ മത്സ്യം കൂർമ്മം എന്നിങ്ങനെ ജലജന്തുക്കളായും വരാഹരൂപേണ തിര്യക്കായും, രാമകൃഷ്ണാദിരൂപേണ മനുഷ്യരിലും വാമനരൂപേണ ഋഷിവർഗ്ഗത്തിലും വന്നവതരിക്കുകയും ഓരോരോ കർമ്മങ്ങൾ ചെയ്യുകയും ചെയ്തുവല്ലൊ. അതെന്തിനുവേണ്ടി ? മനുഷ്യൻ കർമ്മം ചെയ്യുന്നതു് എന്തെങ്കിലും കാമപൂരണത്തിനാണു്; അനിഷ്ടപരിഹാരത്തിനോ ഇഷ്ടസമ്പാദനത്തിനോ ആണു്. എന്നാൽ ആപ്തസമസ്തകാമനും ആത്മാരാമനും പൂർണ്ണനും ഏകനുമായ സർവ്വേശ്വരൻ എന്തിനു് ജന്മമെടുത്തു, കർമ്മങ്ങൾ ചെയ്തു, എന്നു ചോദിച്ചാൽ കേവലം ലീല എന്നു മാത്രമേ ഉത്തരമുള്ളു. ലീല പ്രയോജനമുദ്ദേശിച്ചുള്ള കർമ്മമല്ല. പ്രയോജനോദ്ദേശം അപൂർണ്ണതയുടെ അടയാളമാണു്. ലീലയോ, ആനന്ദത്തിൻെറ അതിപ്രസരവും. ലീല എന്തിനു്, എന്ന ചോദ്യം അപ്രസക്തമാണു്; ആത്മാരാമൻെറ സ്വഭാവമാണതു്.

'കണ്ണാ, അങ്ങു തയിർക്കുടമുടച്ചപ്പോൾ അമ്മ കയറെടുത്തു അങ്ങയെ പിടിച്ചുകെട്ടാൻ. അങ്ങു്, കരഞ്ഞു കലങ്ങിയ കൺമഷിയിൽ കുളിച്ചു പിടയുന്ന മിഴികളോടെ തലയും താഴ്ത്തി പേടിയും നടിച്ചു നില്ക്കുന്ന ആ നില — കാലനും പേടിച്ചോടുന്ന അവിടുത്തെ ആ നില — എന്നെ ആശ്ചര്യപ്പെടുത്തുന്നു.'

ഭഗവാൻ ആടിയ അവതാരലീലകൾ സർവ്വവും അത്യാശ്ചര്യകരങ്ങൾതന്നെ. ഇതാ, ഇവിടെ അമ്പാടിയിൽ ഉണ്ണിക്കണ്ണനായി കഴിച്ചകാലത്തെ ഓരോരോ ലീല

കളോത്തുനോക്കു. മൂവുലകും മൂവടിയായി അളന്ന ആ ഉലകളന്ന പെരുമാളെ കയറുകൊണ്ടു കെട്ടാൻ പുറപ്പെടുന്നു അമ്മ. മകനോ, പേടിച്ചരണ്ടു കണ്ണീരും വാൎത്തു തലയും താഴ്ത്തി നില്ക്കുന്നു! ഏതൊരുവൻെറ നാമം നിനക്കുന്നിടത്തു് അന്തകൻ എത്തിനോക്കുകപോലും ചെയ്യുന്നില്ലയോ, ഭയമകലാൻ ഭക്തന്മാർ ഏതൊരുവൻെറ തിരുനാമം ജപിക്കുന്നുവോ, ആ സൎവ്വേശ്വരൻെറ ഈ ഭയനാട്യം എന്തിനു വേണ്ടി എന്നു് ആൎക്കാണു മനസ്സിലാവുക ? ഒരു പക്ഷെ ആ ലീലയിൽക്കൂടി അമ്മയുടേയും ഭക്തന്മാരുടേയും മനം തന്നിലുറപ്പിക്കാൻ വേണ്ടിയായിരിക്കുമോ അങ്ങനെ നടിച്ചതു് ? ആരു കണ്ടു ? തനിക്കൊന്നും മനസ്സിലാകുന്നില്ല എന്നു പറയുന്നു കുന്തി. കണ്ണനെ കണ്ടവൎക്കും മനസ്സിലാകുന്നില്ലെങ്കിൽ കാണാത്തവരുടെ കഥയോ ?

'പുണ്യകീൎത്തിയായ ധൎമ്മപുത്രരുടെ കീൎത്തി വൎദ്ധിപ്പിക്കുവാൻവേണ്ടി അജനായ അവിടുന്നു്, തനിക്കു പ്രിയപ്പെട്ട കുലത്തിൽ, മലയാചലത്തിൽ ചന്ദനമെന്നതു പോലെ, വന്നു പിറന്നു എന്നു പറയുന്നു ചിലർ.'

ഭഗവാൻെറ അവതാരം ലീലയാണു്, അതിനു കാരണം തേടുന്നതുകൊണ്ടു് പ്രയോജനമില്ല, എന്നു പറഞ്ഞാൽ മനുഷ്യമനസ്സിനു് ഒരു സമാധാനമില്ല. കാരണമില്ലാതിരിക്കാൻ എന്താണു കാരണം, എന്നു് മനസ്സു പിന്നെയും ചോദിക്കും. എന്തെന്നാൽ, ദേശകാലനിമിത്തങ്ങൾ മനസ്സിൻെറ ഘടകങ്ങൾ ആകുന്നു. അവയ്ക്കതീതമായ വസ്തുവിനെ ഗ്രഹിക്കാൻ മനസ്സിനു കഴിയുന്നില്ല. അതിനാൽ എന്തെങ്കിലുമൊക്കെ കാരണങ്ങൾ കണ്ടുപിടിച്ചാലേ മനസ്സിനു സമാധാനമുള്ളു. അതു തല്ക്കാലസമാധാനമായിരിക്കാം; അവസാനം, മനസ്സിലാവില്ല എന്നായിരിക്കും മനസ്സിലാകുന്നതു്, എന്നാലും വേണ്ടില്ല, ചില കാരണങ്ങളൊക്കെ കണ്ടെത്തണം ഭഗവാൻെറ അവതാരത്തിനു്. ഭഗവാൻ ഭക്തപരാധീനനാണു്; ധൎമ്മമൂൎത്തിയു

മാണ്. ഭക്തനും ധർമ്മനിഷ്ഠനുമായ യുധിഷ്ഠിരൻ തന്മൂലം ഭഗവാന്റെ പ്രിയനാണ്. ആ പ്രിയന്റെ പുകഴ് വർദ്ധിപ്പിക്കാൻവേണ്ടി, ധർമ്മപുത്രർക്ക് ധർമ്മാനുഷ്ഠാനത്തിൽ പ്രചോദനവും സഹകരണവും നൽകാൻവേണ്ടി, ആണ് ഭഗവാൻ അവതാരമെടുത്തതു് എന്നാണ് ചിലരുടെ പക്ഷം.

'ദേവകീവസുദേവന്മാരുടെ പ്രാർത്ഥനമൂലം, ലോകരക്ഷണത്തിനും ദുഷ്ടനിഗ്രഹത്തിനും വേണ്ടി, അവരുടെ പുത്രനായി ജന്മമെടുത്തു എന്നു പറയുന്നു മററു ചിലർ.'

ധർമ്മപുത്രൻ പ്രിയനായിരിക്കാം, പാണ്ഡവന്മാരെ തുണച്ചിരിക്കാം; പക്ഷേ പിറന്നതു് ദേവകീവസുദേവന്മാരുടെ പൈതലായിട്ടാണല്ലോ. അതിന് ഒരു പ്രത്യേകകാരണം കാണണം; ഉണ്ടുതാനും. പൃശ്നിയെന്നും സുതപസ്സെന്നും പൂർവ്വജന്മത്തിൽ പേരാന്ന ദേവകീവസുദേവന്മാർ, ഭഗവത്സദൃശനായ ഒരു പുത്രൻ തങ്ങൾക്ക് ഉണ്ടാകണം എന്നു് ആഗ്രഹിച്ചുകൊണ്ടു ഭഗവാനെ ഭജിച്ചു. ആരെങ്ങനെ ഭജിച്ചാലും അവരെ ആ വിധത്തിൽ അനുഗ്രഹിക്കും; 'യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം' എന്നാണ് ഭഗവാന്റെ പ്രതിജ്ഞ. ഈ ദമ്പതികൾ പ്രാർത്ഥിച്ചതു് ഭഗവത്സദൃശനായ ഒരു പുത്രനെയാണ്. തനിക്കു തുല്യനായി താനല്ലാതെ വേറാരെയും കാണാഞ്ഞതുകൊണ്ടു് ഭഗവാൻതന്നെ അവരുടെ പുത്രനായി പിറന്നു എന്നാണ് ചിലരുടെ അഭിപ്രായം. ഇപ്രകാരം ഭക്താനുഗ്രഹം സാധിക്കുന്നതോടു കൂടി ലോകമംഗളകാരകമായ പല കാര്യങ്ങളും സാധിക്കുന്നതിന് അതൊരു അവസരമാക്കുകയും ചെയ്തു എന്നു വേണം കരുതാൻ.

'ഭാരമേറിയതുകൊണ്ടു് കടലിൽ താഴാൻ തുടങ്ങുന്ന കപ്പലെന്നപോലെ, ദുർജ്ജനങ്ങളുടെ ഭാരംകൊണ്ടു്

KOTTAYAM PUBLIC LIBRARY

കേഴുന്ന അവനിയുടെ ഭാരം തീൎത്തു രക്ഷിക്കുന്നതിനു് ബ്രഹ്മാവിന്റെ അപേക്ഷയനുസരിച്ചാണു് ഭഗവാൻ അവതരിച്ചതു് എന്നാണു് ചിലർ അഭിപ്രായപ്പെടുന്നതു്.'

ദേവകീവസുദേവന്മാർ പ്രാൎത്ഥിച്ചിരിക്കാം; അവരുടെ പുത്രനായിട്ടായിരിക്കാം പിറന്നതും. എന്നാൽ സകലലോകപരിപാലകനായ ഭഗവാൻ അവരുടെ അപേക്ഷകൊണ്ടാണു് അവതരിച്ചതു് എന്നു പറയുന്നതു് മതിയായ ഒരു കാരണമായി തോന്നുന്നില്ല. അതിലും വലുതും ഗൗരവമേറിയതുമായ മററു കാരണം വല്ലതും ഉണ്ടായിരിക്കണം. അതിനു് അവതാരം എടുക്കേണ്ട ഘട്ടം വന്നു. അപ്പോൾ ഈ ഭക്തദമ്പതികളെ അനുഗ്രഹിക്കാനും നിശ്ചയിച്ചു എന്നു വരാനാണു് കൂടുതൽ സാദ്ധ്യത. ധൎമ്മം തകരുമ്പോൾ, അധൎമ്മം ഉയരുമ്പോൾ, താൻ ജന്മമെടുക്കും, ശിഷ്ടന്മാരെ രക്ഷിക്കാനും ദുഷ്ടന്മാരെ ശിക്ഷിക്കാനും, എന്നാണല്ലോ ഭഗവാന്റെതന്നെ അരുളപ്പാടു്. അങ്ങനെയുള്ള ഒരു ഘട്ടം വന്നുചേൎന്നു. കംസജരാസന്ധചൈദ്യദന്തവക്ത്രപൗണ്ഡ്രകദുൎയ്യോധനാദി ദുഷ്ടരാജന്യവൎഗ്ഗങ്ങളുടെ ഭാരംകൊണ്ടു് സന്തപ്തയായ ഭൂമിദേവിയെ കാത്തുരക്ഷിക്കണമെന്നു് ബ്രഹ്മദേവൻ അഭ്യൎത്ഥിച്ചു. തന്റെ പ്രതിജ്ഞ പാലിക്കുന്നതിനും ബ്രഹ്മാവിന്റെ അപേക്ഷ നിറവേററുന്നതിനും ഭഗവാൻ അവതരിച്ചു; കൂട്ടത്തിൽ ദേവകീവസുദേവന്മാരെയും അനുഗ്രഹിച്ചു എന്നാണു് ചിലർ അഭിപ്രായപ്പെടുന്നതു്.

'അവിദ്യ, കാമം, കൎമ്മം, ഇവകൊണ്ടു് ഈ സംസാരത്തിൽ കിടന്നു വലയുന്നവൎക്കു് മോചനത്തിനുവേണ്ടി ശ്രവണാൎഹങ്ങളും സ്മരണാൎഹങ്ങളുമായ ദിവ്യപ്രവൃത്തികൾ ചെയ്യാൻ വേണ്ടിയാണു് ഭഗവാൻ തിരുവവതാരം ചെയ്തതു് എന്നാണു ചിലരുടെ അഭിപ്രായം.'

അനിത്യവും അശുചിയും ദുഃഖപ്രദവും ജഡവുമായ ശരീരത്തെ നിത്യശുദ്ധസുഖചൈതന്യസ്വരൂപമായ

ആത്മാവെന്നു കരുതുന്നതാണു് അവിദ്യ. ഈ ദേഹാത്മ ബുദ്ധി കാരണം അതിൻെറ ലാളനപാലനങ്ങൾക്കായി മനുഷ്യൻ ആഗ്രഹിക്കുന്നു. ആഗ്രഹനിവൃത്തിക്കായി കർമ്മങ്ങൾ ചെയ്യുന്നു. കർമ്മംകൊണ്ടു് പുണ്യപാപങ്ങളും ജന്മങ്ങളും കർമ്മങ്ങളും സുഖദുഃഖങ്ങളും. ഇങ്ങനെ സംസാരചക്രം കറങ്ങിക്കൊണ്ടേ ഇരിക്കുന്നു. ഈ ചംക്രമണത്തിൽ ദുഃഖമാണു് അധികമായി അനുഭവപ്പെടുന്നതു്. സുഖമെന്നു തോന്നുന്നവയും ചിന്തിച്ചു നോക്കുമ്പോൾ ദുഃഖകരങ്ങളായിട്ടു മാറുന്നതായി കാണാം. ഇതിൽനിന്നും മോചനം നേടാൻ എന്താണൊരു ഉപായം ? അവിദ്യയാണിതിനു് ആദികാരണമെങ്കിൽ ജ്ഞാനംകൊണ്ടല്ലേ ഇതു നീങ്ങൂ ? ശരിതന്നെ. പക്ഷെ ജ്ഞാനം എങ്ങനെ നേടും ? ത്യാഗം, വൈരാഗ്യം, ശമദമാദികൾ, മുമുക്ഷുത്വം ഇവകൊണ്ടു്. ത്യാഗവും, വൈരാഗ്യവും, മററും ദൃഢമായാലേ അല്ലമെങ്കിലും ആശയ്ക്കു വകയുള്ളു എന്നുവരുകിൽ, വളരെ ദുർലഭം പേർക്കേ അതിനു് അർഹതയുള്ളൂ. നിവൃത്തിമാർഗ്ഗത്തിൽക്കൂടി ആത്മജ്ഞാനം നേടി ദുഃഖമുക്തരാകാൻ സുദുർലഭം പേർക്കേ സാധിക്കൂ. അപ്പോൾ അത്യന്തവിരക്തരുമല്ല, അത്യന്തസക്തരുമല്ലാത്ത ബഹുഭൂരിപക്ഷം ആളുകൾക്കു് യാതൊരു മാർഗ്ഗവുമില്ലെന്നോ ? അവരെന്നും എരിതീയിൽ കിടന്നു നീറിക്കൊള്ളണമെന്നോ ? അങ്ങനെ വരാൻ വഴിയില്ല. ദയാസിന്ധുവായ ഭഗവാൻ സ്വസന്താനങ്ങളെ അങ്ങനെ കൈയ്‌വിടുമോ ? ഇല്ല, അവർക്കും സുഗമമായ മാർഗ്ഗം ഭഗവാൻതന്നെ ഉപദേശിച്ചിട്ടുണ്ടു്. ഭഗവാനാൽ അനുപ്രാണിതരും പ്രചോദിതരുമായ വ്യാസവാല്മീകിനാരദാദികളായ മഹർഷിമാർ വർണ്ണിച്ചിട്ടുമുണ്ടു്. എന്താണതു് ? നിരന്തരമായ നാമകീർത്തനവും ഗുണഗാനവും രൂപസ്മരണവും. അതിനെന്തു വഴി ? അതിനു വഴി അരുളാനാണു് ഭഗവാൻ അവതാരലീല ആടിയിരിക്കുന്നതു്.

കൗസല്യാനന്ദവദ്ധനൻെറ ബാലലീലകളും യാഗ രക്ഷയും അഹല്യോദ്ധാരണവും സുഗ്രീവസഖ്യവും സീതാ ന്വേഷണവും സേതുബന്ധനവും വിഭീഷണാഭയദാനവും രാവണവധവും സീതാസ്വീകാരവും പുഷ്പകസഞ്ചരണവും പട്ടാഭിഷേകവും പ്രജാപരിപാലനവും സീതാപരി ത്യാഗവും സ്വർഗ്ഗാരോഹണവും ഭക്തവാത്സല്യവും ആരുടെ മനസ്സിനെയാണ് തദീയപാദങ്ങളിലേയ്ക്ക് അനായാസേന ആകർഷിക്കാത്തതു് ? വാല്മീകികോകിലത്തിൻെറ കള ക്കൂജനം ആരുടെ കാതുകളെയാണ് കുളിർപ്പിക്കാത്തതു് ?

അമ്പാടിമണിവർണ്ണൻെറ ബാലകേളികളും ഗോചാ രണവും ഗോരസഹരണവും ചൈലചോരണവും മുരളീ വാദനവും രാസലീലയും കംസനിഗ്രഹവും ഗുരുദക്ഷി ണയും ദ്വാരകാഗമനവും സുദാമസമ്മാനവും ഗീതോപ ദേശവും ഉദ്ധവോദ്ബോധനവും ഭക്തപരിപാലനവും എത്രയെത്ര ജനങ്ങളെയാണ് നിത്യതൃപ്തരും ചിരസ്മരണീ യരും ആക്കി മാററിയിരിക്കുന്നതു്, ഇന്നും മാററിക്കൊണ്ടി രിക്കുന്നതു്!

മുൻശ്ലോകങ്ങളിൽ പറഞ്ഞ അവതാരപ്രയോജനങ്ങ ളൊക്കെ താത്കാലികങ്ങളാണ്. അവതാരപുരുഷന്മാർ ഭൂമിയിൽ വാണിരുന്ന കാലത്തു് അവരുടെ മഹിമ മന സ്സിലാക്കാൻ കഴിഞ്ഞ ചുരുക്കം ചിലക്കു മാത്രമേ മുൻ പറഞ്ഞ പ്രയോജനങ്ങൾ ലഭിക്കൂ. ഈശ്വരാവിർഭാവം കേവലം താത്കാലികപ്രയോജനത്തിനു മാത്രമോ ? ഭാവിതലമുറകൾക്കു് അവതാരങ്ങൾകൊണ്ടു് എന്താണ് പ്രയോജനം ? ലീല ഉപസംഹരിച്ചാലും പിന്നീടു വരുന്ന ആളുകൾക്കും അനുഗ്രഹം അരുളേണ്ടതുണ്ടു്. അനുഗ്രാഹക ങ്ങളും ആകർഷകങ്ങളുമായ അലൗകികലീലകളാടി അവയെ കീർത്തിക്കുന്നവരുടെയും സ്മരിക്കുന്നവരുടെയും മനസ്സിനെ മാലിന്യശൂന്യമാക്കി അവരെ തന്നിലേയ്ക്കു് ആകർഷി ക്കുന്നു ഭഗവാൻ. ആത്മാരാമന്മാരുടെയും അശിക്ഷിതരു

ടെയും ബാലന്മാരുടെയും അബലകളുടെയും തരുണന്മാരു ടെയും വൃദ്ധന്മാരുടെയുമെല്ലാം മനസ്സിനെ അനായാസേന തന്നിലേയ്ക്കാകർഷിക്കാൻ സമർത്ഥങ്ങളായ ലീലകൾ ആടു ന്നതിനുവേണ്ടിയാണ് ഭഗവാൻ അവതാരം സ്വീകരിക്കു ന്നതു്. ആവക ലീലകൾകൊണ്ടു് സർവ്വജ്ഞകല്പന്മാരായ വ്യാസാദികളുടെ ചിത്തത്തെ അപഹരിച്ചു് അവരെ ക്കൊണ്ടു് അനശ്വരങ്ങളായ ഭാഗവതങ്ങൾ പാടിക്കുന്നു; അങ്ങനെ ഭഗവത്സ്വരൂപം ശാശ്വതമാക്കിച്ചെയ്യുന്നു. ഇതാണു് അവതാരത്തിന്റെ നിത്യമായ പ്രയോജനം. കുന്തീദേവിക്കു് സമ്മതമായ പ്രയോജനവും ഇതുതന്നെ യാണു്. ഭഗവത്സാമീപ്യംകൊണ്ടുള്ള പ്രയോജനവും, ഭഗവാൻ അകന്നിരിക്കുമ്പൊഴും സ്മരണകീർത്തനങ്ങൾ വഴി തദീയാനുഗ്രഹവും, അനുഭവിച്ചു് അവതാരത്തിന്റെ ഈ മുഖ്യമായ പ്രയോജനം കണ്ടറിഞ്ഞിട്ടുള്ള ഒരു സുകൃതിനിയാണു് കുന്തി.

'അവിടുത്തെ അലൗകികചരിതങ്ങളെ ഏതു നേരവും കേൾക്കുകയും പാടുകയും പറയുകയും സ്മരിക്കുകയും, കേട്ടും കീർത്തിച്ചും സന്തോഷിക്കുകയും, ചെയ്യുന്നവർ വിനാ വിളംബം സംസാരസംഹാരകമായ അവിടുത്തെ പാദ പദ്മം പ്രാപിക്കുന്നു.'

ഭക്തന്മാർക്കു് ശ്രവണസ്മരണാർഹങ്ങളായ ലീലകളാടി അവരെ അനുഗ്രഹിക്കുകയെന്നുള്ളതാണു് അവതാര ത്തിന്റെ മുഖ്യപ്രയോജനം എന്നു് കുന്തിയും കുന്തിയിൽ ക്കൂടി ഭാഗവതകാരനും ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ഭക്ത ന്മാർക്കു വേണ്ടതു് തങ്ങളുടെ താപങ്ങളെല്ലാം നീങ്ങി നിത്യാനന്ദസ്വരൂപനായ ഭഗവാനെ പ്രാപിക്കുകയാ കുന്നു. അതിനുള്ള ഉപായം നിരന്തരമായ ഈശ്വര സ്മരണയും. അതിനു് സഹായിക്കുന്നതിനു് ഭഗവാൻ രാമകൃഷ്ണാദ്യവതാരങ്ങൾ സ്വീകരിച്ചു് മനസ്സിനെ ഹഠാ ദാകർഷിക്കുന്ന ദിവ്യലീലകൾ ആടിയിരിക്കുന്നു. ഭഗ

വാൻെറ നാമങ്ങളും ഗുണങ്ങളും ലീലകളും, ഭക്തന്മാരിൽ നിന്നും ഭാഗവതാദിഗ്രന്ഥങ്ങളിൽനിന്നും കേരംക്കുക; സ്വയം തന്മയനായി അവ കീൎത്തിക്കുക. ഭഗവദ്രൂപവും ഭക്തവാത്സല്യാദിഗുണങ്ങളും സ്മരിക്കുക. ഭഗവത് കഥകരം കേട്ടും കീൎത്തിച്ചും സന്തോഷിക്കുക, ഇങ്ങനെ ഏതുനേരവും മനസ്സ് ആ പാദപദ്മത്തിൽ നിൎത്തിയാൽ ഭഗവല്ലാഭം ഉണ്ടാവുകതന്നെ ചെയ്യും. സകല സാധനകളുടെയും ലക്ഷ്യം അനുസ്യൂതമായ ഈശ്വരസ്മരണമാകുന്നു. അതിനു് എളുതായ ഉപായമാണു് അവതാരപുരുഷന്മാരുടെ നാമഗുണകീൎത്തനവും സ്മരണവും.

'പ്രഭോ, ഭക്താനുഗ്രഹകാരിൻ, അവിടുന്നിപ്പോരം ഞങ്ങളെ, അവിടുത്തെ സുഹൃത്തുക്കളും ആശ്രിതരും ആയ ഞങ്ങളെ, വിട്ടുപോവുകയോ ? പരരാജാക്കന്മാക്കു് ദുഃഖത്തിനിടയാക്കിയ ഞങ്ങരംക്കു് അങ്ങല്ലാതെ ആരും ആശ്രയമില്ല.'

പാണ്ഡവന്മാർ ശത്രുക്കളെയെല്ലാം ജയിച്ചു് സുഖികളും ശക്തരുമായിരിക്കുന്ന അവസരമാണല്ലൊ ഇതു്; അതുകൊണ്ടു് തൻെറ സാന്നിധ്യം അനപേക്ഷണീയമല്ല എന്നാണെങ്കിൽ, ആ അവസ്ഥാവിശേഷം തന്നെയാണു് ഭഗവത്സാന്നിദ്ധ്യം അനപേക്ഷണീയമാക്കുന്നതു്. അതെങ്ങനെ ? എങ്ങനെയാണു് വിജയം വരിച്ചതു് ? യുദ്ധത്തിൽ രാജാക്കന്മാരെ കൊന്നിട്ടു്. കൊല്ലപ്പെട്ട രാജാക്കന്മാരുടെ അനുയായികരംക്കാക്കെങ്കിലും കൊലയാളികളോടു കുറുണ്ടാകുമോ ? കൃഷ്ണൻ സഹായത്തിനുണ്ടെങ്കിൽ ഏതു ശത്രുവിനെയും നേരിടാം. ഭാരതപ്പോർ ജയിച്ചതു തന്നെ കൃഷ്ണൻെറ സൂത്രധാരത്വംകൊണ്ടു മാത്രമല്ലേ? ഭാരതത്തിലെ സൎവ്വരാജാക്കന്മാരെയും പരാജയത്തിൻെറയും അപമാനത്തിൻെറയും മത്സരത്തിൻെറയും എരിതീയിൽ എറിഞ്ഞിട്ടു്, പാണ്ഡവന്മാരെ നിസ്സഹായരാക്കിയിട്ടു്, കൃഷ്ണനങ്ങു പോവുകയോ ? അവക്കു കൃഷ്ണനല്ലാതെ ആരെ

ങ്കിലും ഒരു മിത്രമുണ്ടോ ? ആശ്രയമുണ്ടോ ? ആപത്തു വന്ന ശേഷമേ കൃഷ്ണൻ വരൂ എന്നോ ? ആപത്തിതാ അടുത്തുതന്നെ കാത്തുനിൽപുണ്ടു്: കൃഷ്ണൻ പിരിയേണ്ട താമസം ചാടിവീഴാൻ. അതിനിടയാക്കൊല്ലേ കൃഷ്ണ, ഞങ്ങളെ വിട്ടുപോകൊല്ലേ, എന്നാണു് കുന്തി അപേക്ഷിക്കുന്നതു്.

'കൃഷ്ണാ, അവിടുന്നു പിരിഞ്ഞാൽ പിന്നെ യദുക്കളുടെയും പാണ്ഡവന്മാരുടെയും പേരും പെരുമയുമെവിടെ? പ്രാണൻ പോയ പിണത്തിന്റെ കണ്ണിന്റെയും കാതിന്റെയും നിലയല്ലേ പിന്നെ അവരുടേതു് ?'

പരരാജാക്കന്മാർ പകപോക്കാൻ തക്കവും നോക്കി ഇരിക്കുന്നുണ്ടെങ്കിലെന്താ, യദുക്കളും പാണ്ഡവന്മാരുമില്ലേ അവരെയൊക്കെ തകക്കാൻ ? ഈ ചോദ്യം ആരോടു ചോദിക്കാൻ കൊള്ളാം? കുന്തിയോടോ ? കുന്തിക്കു് അറിഞ്ഞുകൂടേ, കൃഷ്ണനെക്കൂടാതെ പാണ്ഡവന്മാരും യാദവന്മാരും വെറും പേക്കോലങ്ങൾമാത്രമാണെന്നു് ? കൃഷ്ണൻ നേടിക്കൊടുത്ത സ്ഥാനവും കീൎത്തിയുമാണവൎക്കുള്ളതെന്നു് കുന്തിക്കു് അറിഞ്ഞുകൂടേ ?

ഭാരതയുദ്ധം ആരംഭിക്കുന്നതിനു മുമ്പു് വിശ്വരൂപം കാണിച്ചുകൊടുത്തിട്ടു് കൃഷ്ണനെന്താണരുളിയതു് ? 'മയാ ഹതാംസ്ത്വം ജഹി' 'ഞാൻ കൊന്നുകഴിഞ്ഞവരെ നീ കൊല്ലുക.'; 'യശോ ലഭസ്വ.' 'യശസ്സു സമ്പാദിക്കുക.'; 'നിമിത്തമാത്രം ഭവ.'; 'എന്റെ ലീലകൾക്കു് നീ ഒരു ഉപകരണമായിരിക്കുക.' അതിനപ്പുറം ഒരു നില ഏതു ജീവനാണുള്ളതു്? അൎജ്ജുനന്റെപോലും, നാരായണന്റെ സന്തതസഹചാരിയായ നരന്റെപോലും, നില അതാണെങ്കിൽ, മററു ജീവന്മാരുടെ കഥയെന്തു് ? 'അരുതേ കൃഷ്ണാ, പോകരുതേ, ഞങ്ങളുടെ പ്രാണനല്ലേ അവിടുന്നു്!'

'അല്ലയോ ഭക്താഭയപ്രദ, അവിടുന്നു പോയാൽ പിന്നെ ഈ ഭൂമി അവിടുത്തെ വജ്രയവാങ്കുശാദികളാൽ അങ്കിതങ്ങളായ കാലടികളാൽ ഇപ്പോഠം ശോഭിക്കും പോലെ, ശോഭിക്കുന്നതല്ല.'

യദുക്കളുടെയും പാണ്ഡവന്മാരുടെയും കഥയോ ഇരിക്കട്ടെ. അവിടുന്നു പോയാൽ പിന്നെ ഈ ഭൂമിയുടെ കാന്തിതന്നെ പൊയ്പോയില്ലേ ? ഇപ്പോഠം എവിടെ നോക്കിയാലും അവിടുത്തെ കാലടിപ്പാടുകഠംകൊണ്ടു് പൊട്ടു തൊട്ടു് പുളകം പൂണ്ട ഭൂദേവി പുഞ്ചിരിയും പൊഴിച്ചു് പൂവും ചൂടി നറുമണവുമണിഞ്ഞു് തലയും കുലുക്കി ആനന്ദനൃത്തമാടുന്നു. ലോകത്തിൻെറ കണ്ണല്ലേ അവിടുന്നു്? അങ്ങു പിരിഞ്ഞാൽ എല്ലാം ഇരുഠം, കൂരിരുഠം. വൈധവ്യം ബാധിച്ചു് തിലകവും മാഞ്ഞു് മുഖവും വാടി ഇരുളിൽ മുഴുകി തണുത്തുവിറച്ചു് കണ്ണീരിൽ കുളിച്ചു കേഴുകയില്ലേ പിന്നെ ധരിത്രി ! കണ്ണാ, കൈയു് വിടൊല്ലെ !

'പഴുത്തു പാകംവന്ന പഴങ്ങഠം തൂങ്ങുന്ന മരങ്ങളും പൂക്കഠം ചൂടിയ വള്ളികളും കൊണ്ടു തിങ്ങുന്നതും കാടും മേടും തോടും തടാകങ്ങളും കൊണ്ടു നിറഞ്ഞതും ഐശ്വര്യപൂർണ്ണങ്ങളുമായ ഈ നാടുകഠം അവിടുത്തെ കടാക്ഷമേററു് ഉല്ലസിക്കുന്നു.'

അവിടുന്നു് ഇവിടെ വാണരുളുമ്പോഠം അവിടുത്തെ സേവിക്കുവാനായി സമ്പദ്ദേവത ഇവിടെ വന്നു കളിയാടുന്നു. എവിടെ നോക്കിയാലും സന്തോഷം, ആനന്ദം, ഉല്ലാസം. മരങ്ങഠം തല കുനിച്ചു തങ്ങളുടെ ഫലങ്ങഠം കാഴ്ചവെയ്ക്കുന്നു, വല്ലികഠം തങ്ങളുടെ കുസുമകലികകളിൽ കൂടി പുഞ്ചിരി പൊഴിക്കുന്നു, പൂമരങ്ങഠം തേനൂട്ടി വണ്ടുകളെക്കൊണ്ടു് അവിടുത്തെ കീർത്തി ദിക്കെങ്ങും പാടിക്കുന്നു. വന്മരങ്ങഠം തെന്നലിനൊത്തു തലയാട്ടി

ആത്മാനന്ദം അനുഭവിക്കുന്നു. പർവ്വതശൃംഗങ്ങൾ, അവിടുത്തെ പാദപദ്മം ധ്യാനിച്ച്, സമാധിയിൽ ലയിച്ച യോഗിയെപ്പോലെ നിശ്ചലം നിലകൊള്ളുന്നു. പുഴകൾ പുല്ലാങ്കുഴലിനെ അനുകരിച്ച കളകളരവം പൊഴിച്ചും ചിരിച്ചും കളിച്ചും മെല്ലെ മെല്ലെ ഒഴുകുന്നു.

കുളിർനീർ നിറഞ്ഞ പൊയ്കകൾ അവിടേയ്ക്കുപ്പിക്കാൻ ചെന്താമരകളുമേന്തി ചിററലകളാൽ ചാഞ്ചാടി കാലവും കാത്തു കഴിയുന്നു. ഏവരുടേയും നോട്ടം അവിടുത്തെ തിരുമുഖത്തേയ്ക്ക്; ഏവരുടെയും ലക്ഷ്യം അവിടുത്തെ കാൽത്താർ. ശ്രീദേവിയും ഭൂദേവിയും പരസ്പരം മത്സരിക്കുന്നു അങ്ങയെ സേവിക്കാൻ. പ്രകൃതിയുടെ ചേതോഹാരിത പുരുഷൻെറ ആരാധനയ്ക്കല്ലേ ?

'അല്ലയോ വിശ്വനാഥ, വിശ്വാത്മൻ, വിശ്വരൂപിൻ, സ്വജനങ്ങളായ പാണ്ഡവരോടും വൃഷ്ണികളോടും എനിക്കുള്ള സ്നേഹമാകുന്ന ഉറപ്പേറിയ ഈ കയറൊന്ന് അറുത്തു തരേണമേ.'

അവിടുന്നു ഞങ്ങളെ വിട്ടു പോകരുത് എന്ന എൻെറ അപേക്ഷ സ്വാർത്ഥപ്രേരിതമല്ലേ ? മക്കളുടെ നന്മയ്ക്കു വേണ്ടിയല്ലേ ഞാനങ്ങനെ കാംക്ഷിക്കുന്നത് ? അവിടെ ദ്വാരകയിലുള്ളവരും എൻെറ സ്വജനങ്ങൾ തന്നെയല്ലേ ? അങ്ങ് അവിടെ വേണമെന്ന് അവക്കും ആഗ്രഹം ഉണ്ടാവില്ലേ? ഇവരിൽ ആരുടെ നന്മയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും ? മക്കൾക്കുവേണ്ടി മാത്രമോ? അതു സ്വാർത്ഥമല്ലേ? അതു പാടില്ല. എന്താണെന്നെ ഇങ്ങനെയിട്ടു വലയ്ക്കുന്നത് ? എനിക്കവരോടുള്ള സ്നേഹപാശം. സകലരുടെയും ഈശ്വരനായ അവിടുന്ന് ഇവിടെത്തന്നെ വാഴണമെന്ന് അപേക്ഷിക്കാൻ കാരണം അതാണല്ലോ. അതിനാൽ അല്ലയോ ഭഗവൻ, എൻെറ സ്നേഹപാശത്തെ അറുത്തുതന്നാലും. അപ്പോഴെന്തു കാണുന്നു? പാണ്ഡവരിലും

വൃഷ്ണികളിലും മാത്രമല്ല, സവ്വ ജീവജാലങ്ങളിലും അങ്ങയെത്തന്നെ കാണുന്നു. പോരാ, സമസ്തവും, ചരവും അചരവും സവ്വം, വിശ്വമൂത്തേ, അവിടുത്തെ മൂത്തി, അവിടുത്തെ മോഹനമൂത്തി!

'മധുപതേ, എന്മനം ഏതു നേരവും മററെങ്ങും പോകാതെ, ഗംഗാജലം ആഴിയിലേയ്ക്കൊഴുകുംപോലെ, അങ്ങയിലേയ്ക്കു് ഒഴുകുമാറാകണേ.'

മററാക്കെ മടുത്തു. മററൊന്നുകൊണ്ടും ഒരു കാര്യവുമില്ലെന്നും മനസ്സിലായി. മക്കളെക്കുറിച്ചു കേണിട്ടും ബന്ധുക്കളെക്കുറിച്ചു നിനച്ചിട്ടും, അല്ലലും അലട്ടും ഏറിയേറി വരുകയല്ലാതെ വല്ല കുറവുമുണ്ടോ?

ഭഗവാനെ കണ്ടിട്ടും സ്വജനങ്ങളുടെ യോഗക്ഷേമത്തിനുവേണ്ടി പ്രാത്ഥിക്കുകയോ? ഭഗവാൻ സുലഭനായിട്ടു്, കൺമുമ്പിൽ നിന്നരുളുമ്പോഠ നിത്യനിരന്തരമായ പരമപ്രേമത്തിനല്ലാതെ മററെന്തിനെങ്കിലും വേണ്ടി അപേക്ഷിച്ചാൽ അതു് അജ്ഞതയുടെ അടയാളമല്ലേ? പുഴ ആഴിയിലേയ്ക്കു് ഒഴുകുംപോലെ മനം നിരഗ്ഗളം അനുസ്യൂതം ആ ആനന്ദസ്വരൂപിയുടെ അടിമലരിലേയ്ക്കു് പ്രവഹിക്കുമാറാകണേ.

'കൃഷ്ണാ, പാത്ഥമിത്രമേ, വൃഷ്ണിവംശാലങ്കാരമേ, ദുഷ്ടരാജകുലദാവാനല, അനശ്വരവീര്യശാലിൻ, വേദവേദ്യ, ഗോദ്വിജദേവസന്താപസംഹാരക, യോഗേശ്വര, അഖിലഗുരോ, ഭഗവൻ, അവിടേയ്ക്കു നമസ്കാരം.'

കുന്തിയുടെ ഹൃദയം ഭക്തിപൂണ്ണമായി. ഭഗവാൻെറ അലൗകികമഹിമകളും അവതാരലീലകളും അചിന്ത്യഗുണങ്ങളും നിറഞ്ഞ മന്ത്രമണികഠ ഉതിന്നു. ഭഗവാനെ നമസ്കരിച്ചു, കൃതകൃത്യയായി.

കുന്തീദേവി ഇപ്രകാരം കളകോമളമൊഴികഠ കൊണ്ടു് ശ്രീഭഗവാൻെറ മഹിമകളെ പ്രകാശിപ്പിച്ചു

വാഞ്ഛിയപ്പോരം ആ മായാമാധവൻ കുന്തിയെ മോഹിപ്പി ക്കാനോ എന്ന തോന്നുമാറു് മെല്ലെ മന്ദഹസിച്ചു; തന്നിൽ ഗാഢമായ ഭക്തി ഉണ്ടാകും എന്നു കുന്തിയെ അനുഗ്രഹിച്ചു; ധമ്മപുത്രരും മററെല്ലാവരും കൃഷ്ണനെ തടഞ്ഞു. വീണ്ടും കൃഷ്ണൻ കൊട്ടാരത്തിൽ പ്രവേശിച്ചു. സുഹൃത്തുക്കളുടെ ഹിതത്തിനായി ഏതാനും മാസംകൂടി ഭഗവാൻ അവരോ ടൊത്തു പാത്തു.

സവ്വകമ്മങ്ങളും ഭഗവദപ്പണമായി ചെയ്തും നിരന്തരം ഭഗവാനെ സ്മരിച്ചും നയിച്ച ഒരു ജീവിതത്തിൻെറ പരമ പദമാണു് ഈ സ്തുതിയിലും പ്രാത്ഥനയിലും അനുഗ്രഹ ലാഭത്തിലും നാം കാണുന്നതു്. ഭക്തന്മാക്ക പല തരത്തി ലുള്ള പരീക്ഷണങ്ങളും പീഡനങ്ങളും ഏപ്പെടും. അവ യെല്ലാം ഭക്തിയുടെ ദൃഢതയെ പരീക്ഷിക്കാനുള്ള ഈശ്വ രാനുഗ്രഹങ്ങളാണു്. ഏതാപത്തു വന്നാലും അതിലമന്നു പോകാതെ, ഭഗവാനെ ആശ്രയിച്ചു് അവയെ സധൈര്യം നേരിട്ടു്, പരീക്ഷണങ്ങളെ ഭഗവദനുഗ്രഹങ്ങളായിട്ടു കണ്ടും കൈയ്ക്കൊണ്ടും നിശ്ചലഭക്തി നിലനിത്തി യാൽ ആ ജീവിതം ധന്യം.

സ്വഗ്ഗാരോഹണസമയത്തു ഭീഷ്മക്കു് ദർശനാനുഗ്രഹ ങ്ങരം നൽകി, സുഹൃത്തുക്കളുടെ ഹിതമനുസരിച്ചു് ഏതാനും മാസംകൂടി ഹസ്തിനാപുരത്തിൽ താമസിച്ച ശേഷം ഭഗവാൻ ദ്വാരകയിൽ തിരിച്ചെഴുന്നള്ളി. യുധി ഷ്ഠിരൻ വഴിയാംവണ്ണം രാജ്യഭാരം ചെയ്തുപോന്നു. വഷ ങ്ങരം പലതു കഴിഞ്ഞു. വിദുരൻ ഒരു നീണ്ട തീത്ഥയാത്ര കഴിഞ്ഞു മടങ്ങിയെത്തി. ജ്യേഷ്ഠനായ ധൃതരാഷ്ട്രക്കു് വിദുരൻ ഹിതോപദേശം ചെയ്തു. യുധിഷ്ഠിരൻ അറിയാതെ ഗാന്ധാരീധൃതരാഷ്ട്രന്മാർ വിദുരരുമൊരുമിച്ചു് തപസ്സിനാ യി ഹിമവാനിലേയ്ക്കു് പോയി. വഷങ്ങരം പലതും പിന്നെയും കഴിഞ്ഞു. ഭഗവദ്‌വിരഹം പൊറാഞ്ഞു് പാത്ഥൻ ദ്വാരകയ്ക്കു പോയി. മാസങ്ങരം പലതു കഴി

ഞ്ഞിട്ടും അജ്ജുനൻ മടങ്ങിവരാഞ്ഞതുകാരണം യുധിഷ്ഠി രൻ ചിന്താവ്യാകുലനായി. ദുർന്നിമിത്തങ്ങരം പലതും കാണായി. അജ്ജുനൻെറ അമാന്തത്തിനു കാരണമെന്താ യിരിക്കാം എന്നു് ധമ്മപുത്രർ ഭീമനുമായി ചിന്തിച്ചു കൊണ്ടിരിക്കെ, വാടിക്കരിഞ്ഞ മുഖത്തോടെ കണ്ണീരും വാത്തു തലയും താഴ്ത്തി അർജ്ജുനൻ കാല്ക്കൽ വീണു. ഉദ്വിഗ്നനായ യുധിഷ്ഠിരൻ ദ്വാരകയിൽ ഓരോരുത്തരു ടെയും ശ്രീകൃഷ്ണൻെറയും കുശലങ്ങരം അന്വേഷിച്ചു. 'ജ്യേഷ്ഠ, ശ്രീഹരി എന്നെ പിരിഞ്ഞുപോയി. എൻെറ പ്രാണൻ പോയി. ഞാൻ മരിച്ചു. എൻെറ പിണ്ണം മാത്ര മാണിതു്!' അനന്തരം കണ്ണീരിൽക്കൂടി കിരീടി യദുകുല സംഹാരവും ശ്രീകൃഷ്ണതിരോധാനവും തനിക്കു വഴിക്കു് പശുപാലരിൽനിന്നേറ്റ പരാജയവും കൃഷ്ണനിൽനിന്നു കിട്ടിയ ഓരോ അനുഗ്രഹവും എണ്ണിയെണ്ണിപ്പറഞ്ഞു. കൃഷ്ണസ്മരണംകൊണ്ടു് അജ്ജുനൻെറ മനസ്സു നിമ്മലമായി. കുരുക്ഷേത്രത്തിൽവെച്ചു യുദ്ധാരംഭത്തിൽ ശ്രീഭഗവാൻ ഉപദേശിച്ച അധ്യാത്മജ്ഞാനം വീണ്ടുകിട്ടി, ശോക മുക്തനായി. പാണ്ഡവന്മാർ മഹാപ്രസ്ഥാനത്തിനു് പുറപ്പെട്ടു.

യദുകുലനാശവും ശ്രീകൃഷ്ണസ്വർഗ്ഗാരോഹണവും അജ്ജു നൻ പറഞ്ഞു കേട്ട കുന്തീദേവി ശ്രീഭഗവാനിൽ ഏകാന്ത ഭക്തിയോടെ ചിത്തമുറപ്പിച്ചു് ദേഹം വെടിഞ്ഞു് ഭഗവത്പദം പ്രാപിച്ചു.

ഈ ഭാരതമാതാമഹിയുടെ ജീവിതം വിപത്തുകളുടെ ഒരു പരമ്പരയാണു്. കേവലം ശിശുവായിരിക്കുമ്പോരം തന്നെ അച്ഛൻ പൃഥയെ സ്നേഹിതനു് ദാനം ചെയ്തു. ശിശു വായിരുന്നതുകൊണ്ടു് ഈ കൈയ്മാററം വലിയ വേദന യൊന്നും അന്നു് ഉണ്ടാക്കിയിരിക്കയില്ല. ബാലികയാ യിട്ടു് കുറച്ചുകാലം വളത്തച്ഛൻെറ ഗൃഹത്തിൽ സാനന്ദം

പാൎത്തു. അക്കാലത്തു ദ്വൎവ്വാസാവു് വന്നു, വരം കൊടുത്തു. വരത്തിൻെറ ശക്തി പരീക്ഷിച്ചു. ഫലം കണ്ടു. ആ അനിഷ്ടഫലം വലിച്ചെറിഞ്ഞു. തുടങ്ങി കുന്തിയുടെ നെഞ്ചെരിച്ചിൽ. എല്ലാവരുടെയും കഥയിതുതന്നെയല്ലേ? അൎത്ഥകാമങ്ങളുടെ പിടിയിൽ അമരുന്നതിനു മുമ്പല്ലേ ജീവിതത്തിൽ നിശ്ചിന്തമായ ആനന്ദമുള്ളു ? കാമലോഭങ്ങാം പിടികൂടിയാൽ പിന്നെയൊക്കെ പുകച്ചിലും എരിച്ചിലുമല്ലേ ?

പൃഥ പാണ്ഡുവിനെ വേട്ടു. പാണ്ഡു ശാപത്തിനിരയായി. വരബലം ഉപയോഗിച്ചു സന്താനങ്ങളെ സമ്പാദിച്ചു. പാണ്ഡു മരിച്ചു. വിധവയായ കുന്തി അഞ്ചു കുട്ടികളോടൊരുമിച്ചു് ഹസ്തിനാപുരത്തിലെത്തി. അവിടെ കുന്തിയേയും കുട്ടികളേയും ശത്രുക്കളായിട്ടാണു് കൗരവന്മാർ കരുതിയതു്. മക്കളെപ്പൊഴാണു്, എങ്ങനെയാണു് കൊല്ലപ്പെടുക എന്നു പേടിച്ചുംകൊണ്ടാണു് പിന്നത്തെ ജീവിതം. മക്കളോടൊന്നിച്ചു് അരക്കില്ലത്തിൽനിന്നു് ഒളിച്ചോടി അലഞ്ഞുനടന്നു കുറച്ചുകാലം. അൎദ്ധരാജ്യം കിട്ടി കുറച്ചുകാലം വലിയ അല്ലലു കൂടാതെ കഴിഞ്ഞു. പിന്നെയും തുടങ്ങി ശനിദശ. പാണ്ഡവന്മാർ ചൂതിൽ പരാജയമടഞ്ഞു കാട്ടിലേയ്ക്കു് പോയി. കുന്തി വിദുരഗൃഹത്തിലെങ്കിലും ശത്രുമദ്ധ്യത്തിൽ മക്കളെയും ഓൎത്തു് തീയും തിന്നുകൊണ്ടു് കാലം കഴിച്ചു. പതിമ്മൂന്നു കൊല്ലം കഴിഞ്ഞു് ഒരിക്കൽ കൃഷ്ണനെ ഒന്നു കണ്ടു. കരഞ്ഞുകൊണ്ടു കണ്ണുനോടു കഥകളൊക്കെ പറഞ്ഞു. കുരുകുലം നിശ്ശേഷം നശിക്കാനിടയാക്കിയ ഒരു യുദ്ധത്തിനുശേഷം മക്കളെമാത്രം ഉയിരോടെ കിട്ടി. മകൻ ചക്രവൎത്തിയായി. കൎണ്ണനെയും അഭിമന്യുവിനെയും സ്വജനങ്ങളെയും സ്മരിച്ചു് നീറുന്ന നെഞ്ചോടെ നാാം നയിച്ചു. ഒടുവിലിതാ കൃഷ്ണനും പിരിഞ്ഞു. ജീവിതത്തിൽ ഇനി എന്താണൊരു താങ്ങു് ?

KOTTAYAM PUBLIC LIBRARY

ഈ അത്യാപത്തുകളിൽക്കൂടി കുന്തിയെ താങ്ങി നിർത്തിയിരുന്നതെന്താണ്? ശ്രീകൃഷ്ണൻ. ഭഗവാൻ സ്വയം പിതൃഷ്വസാവിനെ പോയി കാണും. ചിലപ്പോൾ ദൂതന്മാരെ അയയ്ക്കും. അത്യാവശ്യം വരുമ്പോഴൊക്കെ ഓടിയെത്തും. കുന്തിയോ? ഭഗവാനെ കാണുമ്പോൾ തൻെറ സങ്കടങ്ങൾ അറിയിക്കും. ഭഗവത്സാന്നിധ്യത്തിൽ നിന്നും ശാന്തി അനുഭവിക്കും. ഭഗവാൻ അകന്നാലോ? നിനയ്ക്കും ഭഗവാനെ; ശാന്തി ലഭിക്കും. അല്ലലിൻെറ ഒരു നീർച്ചാൽ ഉപരിതലത്തിൽക്കൂടി ഒഴുകിയിരുന്നെങ്കിൽ ഈശ്വരസ്മരണയുടെ ഒരു ശാന്തശീതളനിർഝരം അകക്കാമ്പിൽക്കൂടി ഒഴുകിയിരുന്നു. അതാണ് ആ സന്തപ്ത ഹൃദയത്തെ ശാന്തശീതളമാക്കിക്കൊണ്ടിരുന്നത്. താനും തൻെറ മക്കളും, പോരാ, സമസ്തപ്രാണികളും, ഈശ്വരകരങ്ങളിലാണ് എന്ന് കുന്തിക്കു ദൃഢബോധമുണ്ടായിരുന്നു. അതാണ് തൻെറ ഇഷ്ടമൂർത്തിയായ ശ്രീഭഗവാൻ തൻെറ ലൗകികലീലകൾ ഉപസംഹരിച്ചു എന്നു കേട്ടമാത്രയിൽ കുന്തീദേവി തൻെറ ജീവിതവും ഉപസംഹരിക്കുന്നത്. അതും എങ്ങനെ? സ്വച്ഛന്ദമൃത്യുവായ യോഗിയെപ്പോലെ, ദേവവ്രതനായ ഭീഷ്മദേവനെപ്പോലെ. ഭഗവാൻ തിരോധാനം ചെയ്തു എന്നു കേട്ടു; മനസ്സു സകലതിൽനിന്നും പിൻവലിച്ചു, ഭഗവത്പാദത്തിലുറപ്പിച്ചു; അതിൽ ലയിച്ച് ജന്മസാഫല്യമടഞ്ഞു.

വിപ്രശാപത്താൽ മരണഭീതനായ പരീക്ഷിത് ശ്രീശുകനോടു ചോദിച്ചു, മരണമടുത്ത മനുഷ്യൻെറ കർത്തവ്യമെന്തെന്ന്. മരണം മനുഷ്യൻെറ കൂടെപ്പിറപ്പാണ്. അതിനാൽ ആ ചോദ്യം സകലരുടെയും ചോദ്യമാകുന്നു. അതിന് ശുകൻെറ മറുപടിയിതാ:

തസ്മാദ് ഭാരത സർവ്വാത്മാ ഭഗവാൻ ഹരിരീശ്വരഃ
ശ്രോതവ്യഃ കീർത്തിതവ്യശ്ച സ്മർത്തവ്യശ്ചേച്ഛതാഭയം.

മരണഭയം നീങ്ങണമെന്നുണ്ടെങ്കിൽ, അഭയപദം പ്രാപിക്കണമെന്നുണ്ടെങ്കിൽ, സർവ്വദാ ശ്രീഹരിയുടെ ഗുണഗണങ്ങൾ കേൾക്കുകയും നാമങ്ങൾ കീർത്തിക്കുകയും മോഹനരൂപം ധ്യാനിക്കുകയും വേണം.

കുന്തീദേവി അപ്രകാരം ചെയ്തു് അഭയപ്രതിഷ്ഠ നേടി, ഭാരതമാതാമഹിയായി വാണരുളുന്നു.

ഓം ശ്രീകൃഷ്ണാർപ്പണമസ്തു.

# അനുബന്ധം

സൂത ഉവാച

ബ്രഹ്മതേജോവിനിർമുക്തൈരാത്മജൈഃ സഹ കൃഷ്ണയാ
പ്രയാണാഭിമുഖം കൃഷ്ണമിദമാഹ പൃഥാ സതീ. 17

(ഭാഗ. 1.8.)

കുന്ത്യുവാച

നമസ്യേ പുരുഷം ത്വാദ്യമീശ്വരം പ്രകൃതേഃ പരം
അലക്ഷ്യം സർവ്വഭൂതാനാമന്തർബഹിരവസ്ഥിതം. 18

മായായവനികാച്ഛന്നമജ്ഞാധോക്ഷജമവ്യയം
ന ലക്ഷ്യസേ മൂഢദൃശാ നടോ നാട്യധരോ യഥാ. 19

തഥാ പരമഹംസാനാം മുനീനാമമലാത്മനാം
ഭക്തിയോഗവിധാനാർത്ഥം കഥം പശ്യേമഹി സ്ത്രിയഃ.

കൃഷ്ണായ വാസുദേവായ ദേവകീനന്ദനായ ച
നന്ദഗോപകുമാരായ ഗോവിന്ദായ നമോ നമഃ. 21

നമഃ പങ്കജനാഭായ നമഃ പങ്കജമാലിനേ
നമഃ പങ്കജനേത്രായ നമസ്തേ പങ്കജാംഘ്രയേ. 22

യഥാ ഹൃഷീകേശ ഖലേന ദേവകീ
കംസേന രുദ്ധാതിചിരം ശുചാർപ്പിതാ
വിമോചിതാഹം ച സഹാത്മജാ വിഭോ
ത്വയൈവ നാഥേന മുഹുർവിപദ്ഗണാത്, 23

വിഷാന്മഹാഗ്നേഃ പുരുഷാദദൎശനാദ് –
അസത്സഭായാ വനവാസകൃച്ഛ്റതഃ
മൃധേ മൃധേഽനേകമഹാരഥാസ്ത്രതോ
ദ്രൗണ്യസ്ത്രതശ്ചാസ്മ ഹരേഽഭിരക്ഷിതാഃ. 24

വിപദഃ സന്തു നഃ ശശ്വത് തത്ര തത്ര ജഗദ്ഗുരോ
ഭവതോ ദൎശനം യത്സ്യാദപുനൎഭവദൎശനം. 25

ജന്മൈശ്വര്യശ്രുതശ്രീഭിരേധമാനമദഃ പുമാൻ
നൈവാഹ്ത്യഭിധാതും വൈ ത്വാമകിഞ്ചനഗോചരം.

നമോഽകിഞ്ചനവിത്തായ നിവൃത്തഗുണവൃത്തയേ
ആത്മാരാമായ ശാന്തായ കൈവല്യപതയേ നമഃ. 27

മന്യേ ത്വാം കാലമീശാനമനാദിനിധനം വിഭും
സമം ചരന്തം സൎവ്വത്ര ഭൂതാനാം യന്മിഥഃ കലിഃ. 28

ന വേദ കശ്ചിദ്ഭഗവംശ്ചികീൎഷിതം
തവേഹമാനസ്യ നൃണാം വിഡംബനം
ന യസ്യ കശ്ചിദ്ദയിതോഽസ്തി കൎഹിചിദ്–
ദ്വേഷ്യശ്ച യസ്മിൻ വിഷമാ മതിൎന്നൃണാം. 29

ജന്മ കൎമ്മ ച വിശ്വാത്മന്നജസ്യാകൎത്തുരാത്മനഃ
തിൎയ്യങ്ൻൃഷിഷു യാദഃസു തദത്യന്തവിഡംബനം. 30

ഗോപ്യാദദേ ത്വയി കൃതാഗസി ദാമ താവദ്–
യാ തേ ദശാശ്രുകലിലാഞ്ജനസംഭ്രമാക്ഷം
വക്ത്രം നിനീയ ഭയഭാവനയാ സ്ഥിതസ്യ
സാ മാം വിമോഹയതി ഭീരപി യദ്ബിഭേതി. 31

കേചിദാഹുരജം ജാതം പുണ്യശ്ലോകസ്യ കീൎത്തയേ
യദോഃ പ്രിയസ്യാന്വവായേ മലയസ്യേവ ചന്ദനം. 32

അപരേ വസുദേവസ്യ ദേവക്യാം യാചിതോഽഭ്യഗാത്
അജസ്ത്വമസ്യ ക്ഷേമായ വധായ ച സുരദ്വിഷാം. 33

ഭാരാവതരണായാന്യേ ഭുവോ നാവ ഇവോദധൗ
സീദന്ത്യാ ഭൂരിഭാരേണ ജാതോ ഹ്യാത്മഭുവാർത്ഥിതഃ. 34

ഭവേഽസ്മിൻ ക്ലിശ്യമാനാനാമവിദ്യാകാമകർമ്മഭിഃ
ശ്രവണസ്മരണാർഹാണി കരിഷ്യന്നിതി കേചന. 35

ശൃണ്വന്തി ഗായന്തി ഗൃണന്ത്യഭീക്ഷ്ണശഃ
സ്മരന്തി നന്ദന്തി തവേഹിതം ജനാഃ
ത ഏവ പശ്യന്ത്യചിരേണ താവകം
ഭവപ്രവാഹോപരമം പദാംബുജം. 36

അപ്യദ്യ നസ്ത്വം സ്വകൃതേഹിത പ്രഭോ
ജിഹാസസി സ്വിത്സുഹൃദോഽനുജീവിനഃ
യേഷാം ന ചാന്യദ്ഭവതഃ പദാംബുജാത്
പരായണം രാജസു യോജിതാംഹസാം. 37

കേ വയം നാമരൂപാഭ്യാം യദുഭിഃ സഹ പാണ്ഡവാഃ
ഭവതോഽദർശനം യർഹി ഹൃഷീകാണാമിവേശിതുഃ. 38

നേയം ശോഭിഷ്യതേ തത്ര യഥേദാനീം ഗദാധര
ത്വത്പദൈരങ്കിതാ ഭാതി സ്വലക്ഷണവിലക്ഷിതൈഃ.

ഇമേ ജനപദാഃ സ്വൃദ്ധാഃ സുപക്വൗഷധിവീരുധഃ
വനാദ്രിനദ്യുദന്വന്തോ ഹ്യേധന്തേ തവ വീക്ഷിതൈഃ. 40

അഥ വിശ്വേശ വിശ്വാത്മൻ വിശ്വമൂർത്തേ സ്വകേഷു മേ
സ്നേഹപാശമിമം ഛിന്ധി ദൃഢം പാണ്ഡുഷു വൃഷ്ണിഷു. 41

ത്വയി മേഽനന്യവിഷയാ മതിർമധുപതേഽസകൃത്
രതിമുദ്വഹതാദദ്ധാ ഗംഗേവൗഘമുദന്വതി. 42

ശ്രീകൃഷ്ണ, കൃഷ്ണസഖ, വൃഷ്ണ്യൃഷഭാവനിധ്രുഗ്-
രാജന്യവംശദഹനാനപവർഗവീര്യ,
ഗോവിന്ദ, ഗോദ്വിജസുരാർത്തിഹരാവതാര,
യോഗേശ്വരാഖിലഗുരോ, ഭഗവൻ, നമസ്തേ. 43

സൂത ഉവാച

പൃഥയേത്ഥം കളപദൈഃ പരിണൂതാഖിലോദയഃ
മന്ദം ജഹാസ വൈകുണ്ഠോ മോഹയന്നിവ മായയാ. 44

താം ബാഢമിത്യുപാമന്ത്ര്യ
പ്രവിശ്യ ഗജസാഹ്വയം
സ്ത്രീയശ്ച സ്വപുരം യാസ്യൻ
പ്രേമ്ണാ രാജ്ഞാ നിവാരിതഃ. 45

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
പ്രഥമസ്കന്ധേ കുന്തീസ്തുതിർനാമ
അഷ്ടമോƒദ്ധ്യായഃ.

ശുഭം.

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 181:4 Acc. No. 61632

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 25 MAR 2008 | | |
| 11 MAY 2011 | | |
| 4 AUG 2012 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

181.4
SID- B

61632

സിദ്ധിനാഥാനന്ദ സ്വാമികൾ

ഭാരതമാതാ വചി

KOTTAYAM PUBLIC LIBRARY

Call No. 181·4 Acc. No. 61632

Author സിദ്ധിനാഥാനന്ദ സ്വാമികൾ

Title ഭാരതവചനാവലി

Indic Digital Archive Foundation

gpura.org